# ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്യൂണിക്കേഷൻ

പാണ്ഡിത്യത്തിന്റെയും പ്രൊഫഷനലിസത്തിന്റെയും മുഖ്യമേഖലകളായ മാധ്യമങ്ങളും വിവിധ ആശയവിനിമയോപാധികളും സമൂഹത്തിന്റെ വികസനത്തിലും വളർച്ചയിലും കനപ്പെട്ട സംഭാവനകളാണ് നൽകിയിട്ടുള്ളത്.

വിവരസാങ്കേതികവിദ്യയിൽ ഉണ്ടായ കുതിച്ചുചാട്ടമാണ് മാധ്യമങ്ങളുടെയും ആശയവിനിമയോപാധികളുടെയും ഈ മുന്നേറ്റത്തിന് കാരണം. ഇത് വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും, മാധ്യമപ്രവർത്തകർക്കും മാധ്യമ-പരിസ്ഥിതി വ്യവസ്ഥയെ സമഗ്രതയിൽ മനസ്സിലാക്കുന്നതിലും അപഗ്രഥിക്കുന്നതിലും ഒട്ടേറെ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യ, ബഹുജനമാധ്യമങ്ങളുടെ സത്വത്തെയും ആകാരത്തെയും ചലനാത്മകരീതിയിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നു.

ഭാരതത്തിന്റെ ശ്രേഷ്ഠ മാധ്യമ അപഗ്രഥന-ബൗദ്ധിക കേന്ദ്രമായ ഐ.ഐ.എം.സി. ആശയവിനിമയസങ്കേതങ്ങളെ സാമൂഹിക-സാമ്പത്തിക പുരോഗതിക്കുള്ള ചാലകശക്തിയായിട്ടാണ് പരിഗണിക്കുന്നത്. അന്തർദേശീയ നിലവാരമുള്ള അധ്യാപനവും, പരിശീലനവും, ഗവേഷണവും ലഭ്യമാക്കി സമൂഹത്തെ സേവിക്കുവാൻ ഐ.ഐ.എം.സി. പ്രതിജ്ഞാബദ്ധവുമാണ്.

മാധ്യമരംഗത്തും അനുബന്ധ വ്യവസായങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ സസൂക്ഷമം നിരീക്ഷിക്കുന്ന ഐ.ഐ.എം.സി. ഭാവിയിലെ ആവശ്യങ്ങൾകൂടി കണക്കിലെടുത്താണ് അതിന്റെ സവിശേഷമായ പാഠ്യപരിശീലന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കടുത്തമത്സരം നിറഞ്ഞ മാധ്യമലോകത്തെ ഏതു വെല്ലുവിളികളെയും ആത്മവിശ്വാസത്തോടെ നേരിടുവാൻ ഇത് വിദ്യാർത്ഥികളെ സജ്ജമാക്കുന്നു. വികസ്വര രാജ്യങ്ങളുടെ തനത് പ്രശ്നങ്ങളെയും അവരുടെ സാമൂഹിക ആവശ്യങ്ങളെയും പരിഗണിച്ച് തയ്യാറാക്കിയ മാധ്യമ പരിശീലന പദ്ധതിയാണ് ഐ.ഐ.എം.സി. യുടേത്. ഈ സവിശേഷതയാണ് ലോകത്തിലെ മറ്റു മാധ്യമ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ഐ.ഐ.എം.സി.യെ വ്യത്യസ്തമാക്കുന്നത്.

ഈ സ്ഥാപനത്തിന്റെ ഭരണനിർവ്വഹണ കാര്യങ്ങൾ നടത്തുന്നത് സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്-1867 പ്രകാരം സ്ഥാപിതമായ സ്വയംഭരണാവകാശമുള്ള ഐ.ഐ.എം.സി. സൊസൈറ്റിയാണ്. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം മുഖേന കേന്ദ്രസർക്കാരാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ മുഴുൻ ധനസഹായവും നൽകുന്നത്. ഐ.ഐ.എം.സി.ക്ക് ഒരു ഭരണസമിതിയും; ചെയർമാൻ, ഡയറക്ടർ ജനറൽ, അധ്യാപകർ, ശ്രേഷ്ഠ മാധ്യപ്രവർത്തകർ എന്നിവർ അംഗങ്ങളായുള്ള ഒരു കാര്യനിർവ്വഹണ സമിതിയും ഉണ്ട്.

**ഐ ഐ എം സിയുടെ ആരംഭം**

1965 ആഗസ്റ്റ് 17 നാണ് ഐ ഐ എം സി ഉദ്ഘാടനം ചെയ്യപ്പെട്ടത്. യുനെസ്കോയിൽ നിന്നുള്ള രണ്ട് കൺസൽട്ടന്റുമാരടക്കം തീരെകുറവ് ഉദ്യോഗസ്ഥരുമായിട്ടായിരുന്നു തുടക്കം. ആദ്യ വർഷങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഏതാനും പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. പ്രധാനമായും സെൻട്രൽ ഇൻഫർമേഷൻ സർവ്വീസ് ഓഫീസർമാർ, സംസ്ഥാന ഇൻഫർമേഷൻ & പബ്ലിസിറ്റി ഓഫീസർമാർ, വികസ്വരരാജ്യങ്ങളിൽ നിന്നുള്ള പത്രപ്രവർത്തകർ എന്നിവരെ ലക്ഷ്യമിട്ടുള്ളവയായിരുന്നു ഈ പരിശീലനപരിപാടികൾ. 1969 ൽ ഈ സ്ഥാപനം ഒരു അന്തർദേശീയ പരിശീലനപരിപാടിക്ക് തുടക്കം കുറിച്ചു. പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ ജേർണലിസം ഫോർ ഡവലപ്പിങ് കൺട്രീസ് എന്ന പേരിൽ. ആഫ്രിക്ക-ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള മധ്യമേഖലാ (മിഡിൽ വെലൽ) വർക്കിങ് ജേർണലിസ്റ്റുകൾക്കുവേണ്ടിയാണ് ഈ പരിപാടി ആരംഭിച്ചത്. തുടർന്ന് കേന്ദ്ര-സംസ്ഥാന-പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്ന കമ്യൂണിക്കേഷൻ പ്രൊഫഷനലുകളുടെ പരിശീലന ആവശ്യങ്ങൾ പരിഗണിച്ച് ഒട്ടേറെ ഹ്രസ്വകാലപരിപാടികൾ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. ഒരാഴ്ച മുതൽ മൂന്നുമാസം വരെ ദൈർഘ്യം വരുന്ന കോഴ്സുകളായിരുന്നു അവ. സ്വന്തമായ കമ്യൂണിക്കേഷൻ, ഗവേഷണ പരിപാടികൾക്ക് തുടക്കത്തിൽ തന്നെ ഐ ഐ എം സി രൂപം നൽകിയിരുന്നു. ആദ്യകാലത്ത് വളരെ എളിയനിലയിൽ ആരംഭിച്ച അവ അതിവേഗം വളർന്ന് ഒരു ഗവേഷണമാധ്യമ കേന്ദ്രത്തിന്റെ രൂപം പ്രാപിച്ചു. രാജ്യത്തെ ബഹുജനസമ്പർക്കമാധ്യമങ്ങളുടെ എത്തിച്ചേരലും സ്വാധീനവും മനസ്സിലാക്കുന്നതിനും ജനങ്ങളിൽ ബോധവത്കര

ണവും ചിന്താഗതികളിലെ മാറ്റവും ഉണ്ടാവുന്നതിന് സ്വീകരിക്കേണ്ട കമ്യൂണിക്കേഷൻ തന്ത്രങ്ങളും നയങ്ങളും ചിട്ടപ്പെടുത്തുന്നിനും ലക്ഷ്യമിട്ടായിരുന്നു ഇവിടത്തെ ഗവേഷണ പദ്ധതികൾ രൂപപ്പെടുത്തിയത്. കാലം കടന്നതോടെ ഐ ഐ എം സി പത്രപ്രവർത്തന ത്തിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ കോഴ്സുകൾ തുടങ്ങി (ഇംഗ്ലീഷ്, ഹിന്ദി, അഡ്വെർടൈസിങ്ങ് & പബ്ലിക് റിലേഷൻ, റേഡിയോ ആൻഡ് ടെലിവിഷൻ തുടങ്ങിയവ)

**ഐ ഐ എം സിയുടെ വികാസം**

ഡൽഹിയിൽ മുഖ്യ കാമ്പസ് സ്ഥാപിച്ചതിനുശേഷം 1993 ൽ ഒഡിഷയിലെ ധെങ്ക നാലിൽ ഐ ഐ എം സിയുടെ ആദ്യ പ്രാദേശിക കാമ്പസ് ആരംഭിച്ചു. ഭാരതത്തിന്റെ കിഴക്കൻ മേഖലാതാത്പര്യങ്ങൾ സംരക്ഷിക്കുന്നത് ലക്ഷ്യമിട്ടാണ് ഈ കേന്ദ്രം ആരംഭി ച്ചത്. ഇംഗ്ലീഷ്, ഒഡിയ എന്നീ ഭാഷകളിലുള്ള ജേർണലിസം പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ കോഴ്സുകളാണ് ഈ കാമ്പസിൽ പഠിപ്പിക്കുന്നത്. രാജ്യത്തിന്റെ ഭൗമശാസ്ത്ര പരമായ പ്രത്യേകതകൾ കണക്കിലെടുത്ത് നാല് പ്രാദേശിക കാമ്പസുകൾ കൂടി പിൽക്കാലത്ത് ആരംഭിച്ചു. അമരാവതി (മഹാരാഷ്ട്രാ), ഐസ്വാൾ (മിസോറം), ജമ്മു (ജമ്മു & കാശ്മീർ), കോട്ടയം (കേരളം) എന്നിവയാണീ നാല് കാമ്പസുകൾ. 2011-12 ലാണ് ഐസ്വാൾ കാമ്പസ് ആരംഭിച്ചത്. ഇംഗ്ലീഷ് ജേർണലിസത്തിൽ പി ജി ഡിപ്ലോമ കോഴ്സ് നൽകിക്കൊണ്ടായിരുന്നു ഈ കാമ്പസുകളുടെ തുടക്കം. 2017-18 അക്കാദമിക് വർഷം മുതൽ മറാത്തി (അമരാവതി), മലയാളം (കോട്ടയം) കോഴ്സുകളും തുടങ്ങി. ഡൽഹി കാമ്പസിൽ ആരംഭിച്ച ഉറുദു ജേർണലിസം കോഴ്സ് അഞ്ചുമാസ ഡിപ്ലോമ കോഴ്സിൽ നിന്നും ഏകവർഷ അക്കാദമിക് പി ജി ഡിപ്ലോമ കോഴ്സായി 2016-17 ൽ ഉയർത്തി.

## അക്കാദമിക്, പരിശീലന പരിപാടികൾ

### അക്കാദമിക് പരിപാടികൾ

**എ) പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ പ്രോഗ്രാമുകൾ (2018 - 19)**

I ഇംഗ്ലീഷ് ജേണലിസത്തിൽ പി. ജി. ഡിപ്ലോമ

II ഹിന്ദി ജേണലിസത്തിൽ പി ജി ഡിപ്ലോമ

III റേഡിയോ & ടി വി ജേണലിസത്തിൽ പി ജി ഡിപ്ലോമ

(ദ്വിഭാഷാ കോഴ്സ് - ഇംഗ്ലീഷ്, ഹിന്ദി)

IV അഡ്വർടൈസിങ്, പബ്ലിക് റിലേഷൻസിൽ പി ജി ഡിപ്ലോമ

(ദ്വിഭാഷാ കോഴ്സ് - ഇംഗ്ലീഷ്, ഹിന്ദി)

V ഒഡിയ ജേണലിസത്തിൽ പി ജി ഡിപ്ലോമ

VI ഉദുദു ജേണലിസത്തിൽ പി ജി ഡിപ്ലോമ

VII മറാത്തി ജേണലിസത്തിൽ പി ജി ഡിപ്ലോമ

VIII മലയാളം ജേണലിസത്തിൽ പി ജി ഡിപ്ലോമ

**ബി) പരിശീലന അക്കാദമി**

i) **ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിലെ ഉദ്യോഗസ്ഥർക്കു വേണ്ടിയുള്ള പരിശീലന പരിപാടികൾ.**

ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിനുവേണ്ടിയുള്ള പരിശീലന അക്കാദമി കൂടിയാണ് ഐ ഐ എം സി. ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിലെ എ, ബി ഗ്രൂപ്പ് ഉദ്യോഗസ്ഥർക്കായി മാധ്യമവും ആശയവിനിമയവും എന്ന പാഠ്യക്രമത്തിൽ/ ഇൻഡക്ഷൻ/ഓറിയന്റേഷൻ പരിപാടികളും റിഫ്രഷർ കോഴ്സുകളും ഐ ഐ എം സി നടത്തിവരുന്നു.

ii) **വികസനോന്മുഖ പത്രപ്രവർത്തനത്തെ അധികരിച്ച് വിദേശ പത്രപ്രവർത്തകർക്കുവേണ്ടി നടത്തുന്ന അന്തർദേശീയ പ്രോഗ്രാം.**

ആഫ്രിക്ക, ഏഷ്യ, ലാറ്റിൻ അമേരിക്ക, കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലെ മധ്യനിരപത്രപ്രവർത്തകർക്കിടയിൽ നിന്നാണ് വികസനോന്മുഖപത്രപ്രവർത്തനത്തിലെ ഡിപ്ലോമ കോഴ്സിന് ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ളത്. ഒരു ബാച്ചിൽ ശരാശരി 25 പേർക്കാണ് പ്രവേശനം. ഈ കോഴ്സിന്റെ നാലുമാസം വീതം ദൈർഘ്യമുള്ള രണ്ടു പരിപാടികൾ ഐ ഐ എം സി ഓരോ വർഷവും നടത്തിവരുന്നു. 126 രാജ്യങ്ങളിൽ നിന്നുള്ള 1524 പത്രപ്രവർത്തകർ ഇതുവരെ ഈ പരിപാടിയിലൂടെ പരിശീലനം നേടി.

**സി) പ്രത്യേക പരിശീലന പരിപാടികൾ**

iii) **സർക്കാർ-സർക്കാരിതര വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഹ്രസ്വകാല കോഴ്സുകൾ**

**ഐ ഐ എം സി സംഘടിപ്പിക്കുന്ന മറ്റു പരിപാടികൾ:**

1) പോലീസ്, പാരാ-മിലിറ്ററി എന്നിവ ഉൾപ്പെടെയുള്ള കേന്ദ്ര-സംസ്ഥാന സർക്കാർ സേനകൾ, സായുധസേന എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്കായി നടത്തുന്ന മാധ്യമ ഓറിയന്റേഷൻ കോഴ്സുകൾ.

2) സർക്കാർ മന്ത്രിസഭ/വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മാധ്യമ ഉദ്യോഗസ്ഥർക്കായുള്ള കോഴ്സുകൾ.

3) ലാൽ ബഹദൂർ ശാസ്ത്രി സംസ്കൃത വിദ്യാപീഠവുമായി സഹകരിച്ച് സംസ്കൃതം ജേണലിസത്തിൽ നടത്തുന്ന അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് കോഴ്സ്.

ഡി) **കമ്മ്യൂണിറ്റി റേഡിയോ ശാക്തീകരണ റിസോഴ്സ് കേന്ദ്രം**

രാജ്യത്ത് കമ്മ്യൂണിറ്റി റേഡിയോ (സി ആർ) പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, സി ആറിന്റെ ഉള്ളടക്കം, സാങ്കേതികവിദ്യ, വരുമാന സൃഷ്ടി എന്നിവയെ അടിസ്ഥാനമാക്കി ഈ കേന്ദ്രത്തിൽ ഹ്രസ്വകാല കോഴ്സുകൾ നടത്തിവരുന്നു. ഒപ്പം നിലവിൽ പ്രവർത്തനക്ഷമമായ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം, ഗവേഷണം, വിദഗ്ധോപദേശം, വിഭവശേഷി, നിർമ്മാണസേവനങ്ങൾ എന്നിവ നൽകി സഹായിക്കുന്ന കേന്ദ്രബിന്ദുവായും പ്രവർത്തിക്കുന്നു. ഇതുകൂടാതെ വിദൂര-ഗ്രാമീണ മേഖലകൾ, സി ആറുമായി പങ്കാളിത്തമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എൻ. ജി. ഒ.കൾ, മാധ്യമപരിശീലകർ തുടങ്ങിയവർക്കിടയിൽ കമ്മ്യൂണിറ്റി റേഡിയോയെക്കുറിച്ച് അവബോധം സൃഷ്ടിക്കാനുള്ള പരിശ്രമങ്ങളും ഈ കേന്ദ്രം നടത്തിവരുന്നു.

**കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ**

**(അപ്നാ റേഡിയോ 96.9 എഫ്. എം)**

ഐ ഐ എം സി ഡൽഹി ക്യാമ്പസിൽ 'അപ്നാ റേഡിയോ' എന്ന പേരിൽ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ പ്രവർത്തിക്കുന്നു. ട്രെയിനി ഉദ്യോഗസ്ഥർക്കും വിദ്യാർത്ഥികൾക്കും റേഡിയോ ജേണലിസത്തിൽ ഇവിടെ പ്രായോഗിക പരിശീലനം നൽകിവരുന്നു. 2005 മുതൽ ഡൽഹി ഐ ഐ എം സിയുടെ കാമ്പസ് റേഡിയോ ആയി പ്രവർത്തിച്ചുവരുന്ന അപ്നാ റേഡിയോ 2013 ലാണ് അതിന്റെ വാതിലുകൾ സമൂഹത്തിനായി തുറന്നുകൊടുക്കുന്നത്. പ്രതിദിന തത്സമയ പരിപാടിയായ 'അപ്നേ ആസ് പാസ്'' ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന പരിപാടികളുമായി അപ്നാ റേഡിയോ ദിവസവും 7 മണിക്കൂർ പ്രക്ഷേപണം ചെയ്യുന്നു. ചുറ്റുപാടുമുള്ള ചെറുതും വലുതുമായ നിരവധി പ്രശ്നങ്ങളിലേക്ക് ശ്രോതാക്കളെ വ്യാപൃതരാക്കിക്കൊണ്ട് ഓരോ ദിവസത്തെയും പ്രധാന വിഷയങ്ങൾ അപ്നാ റേഡിയോയിൽ ചർച്ച ചെയ്യപ്പെടുന്നു.

രാജ്യത്തുടനീളം പ്രവർത്തനക്ഷമമായ സി ആർ സ്റ്റേഷനുകൾക്ക് ആവശ്യമായ എല്ലാ സഹായവും നൽകുക എന്ന ലക്ഷ്യത്തോടെ കമ്മ്യൂണിറ്റി റേഡിയോ ശാക്തീകരണ റിസോഴ്സ് കേന്ദ്രം 2017 മാർച്ചിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. (കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുടെ പ്രധാന പരിശീലനകേന്ദ്രമാണ് അപ്നാ റേഡിയോ.)

**നാഷണൽ മീഡിയ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ**

നാഷണൽ മീഡിയ ഫാക്കൽറ്റി ഡെവല്പ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഐ ഐ എം സി യുടെ അകത്തും പുറത്തുമുള്ള അധ്യാപകർക്കുവേണ്ടി ഹ്രസ്വകാല ഫാക്കൽറ്റി ഡെവലപ്മെന്റ് പരിപാടികൾ നടത്തപ്പെടുന്നു.

**ഫാക്കൽറ്റി/അദ്ധ്യാപകർ**

പ്രഗത്ഭരായ അക്കാദമീഷ്യന്മാർ, അദ്ധ്യാപകർ, ഗവേഷകർ, മാധ്യമപ്രവർത്തകർ എന്നിവർ അടങ്ങുന്നതാണ് ഐ ഐ എം സിയുടെ ഫാക്കൽറ്റി/ഗവേഷക ഉദ്യോഗസ്ഥ വൃന്ദം. കോർ ഫാക്കൽറ്റി, മുതിർന്ന മാധ്യമപ്രവർത്തകർ, മാധ്യമപഠനത്തിലെ ഗവേഷകർ മുതലായവർ അടങ്ങുന്ന ഒരു ത്രിതല ഫാക്കൽറ്റി ഓപ്പറേറ്റിംഗ് സമ്പ്രദായമാണ് ഐ ഐ എം സിയിൽ നിലവിലുള്ളത്.

## മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ ഗവേഷണപരിപാടി

കമ്മ്യൂണിക്കേഷനിലും ബഹുജനമാധ്യമപഠനരംഗത്തും ചിട്ടയോടുകൂടിയ പഠന രീതി ഐ ഐ എം സിയുടെ അവിഭാജ്യഘടകമാണ്. ഇവിടെ നടക്കുന്ന മാധ്യമഗവേഷണം നിലവിലുള്ള സൈദ്ധാന്തികപരവും പ്രൊഫഷണലുമായ ചിന്തകൾക്കിടയിലെ അന്തരം കുറയ്ക്കാൻ സഹായകരമാകുന്നു. ഗവേഷകസമൂഹം, പ്രൊഫഷണൽ കമ്മ്യൂണിക്കേറ്റർമാർ, മുതിർന്ന മാധ്യമപ്രവർത്തകർ, മാധ്യമപ്രവർത്തനമേഖലയിൽ ഏറ്റവും മികച്ച സൃഷ്ടികൾ കാഴ്ച്ചവെച്ചവർ മുതലായവർ അടങ്ങുന്ന വലിയൊരു സംഘവുമായി സഹകരിച്ചാണ് ഐ ഐ എം സിയുടെ ഗവേഷണവകുപ്പിന്റെ പ്രവർത്തനം. ഗവേഷണത്തെ മാധ്യമപ്രവർത്തനരംഗത്തെ പ്രൊഫഷണൽ രീതിയുമായി ബന്ധപ്പെടുത്തികൊണ്ടുള്ള തുറസ്സായ ഒരു ഗവേഷണശൈലിയാണ് ഐ ഐ എം സിയിൽ അവലംബിക്കുന്നത്. വിദ്യാർത്ഥികളും പഠനത്തോടൊപ്പം ഗവേഷണാത്മകപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. പ്രക്ഷേപണം, പൊതുനയങ്ങൾ, പൊതുജനാരോഗ്യസംരക്ഷണം, സാമൂഹ്യപരിവർത്തനം, തിരഞ്ഞെടുപ്പുകൾ, ബഹുജനമാധ്യമപ്രചാരണപരിപാടികൾ, സാമൂഹ്യനീതി, ശാക്തീകരണം, പുരോഗമനോന്മുഖമായ ശക്തിരൂപാന്തരം, ഔട്ട് മൈഗ്രേഷൻ, ഫിലിം സെൻസർഷിപ്പ് തുടങ്ങി 175 ൽ പരം വിഷയങ്ങളിൽ ഇവിടെ ഗവേഷണങ്ങൾ നടക്കുന്നു. കേന്ദ്ര വാർത്താവിതരണപ്രക്ഷേപണ മന്ത്രാലയത്തിന്റെ സമയാസമയമുള്ള വിലയിരുത്തലുകൾ ഈ ഗവേഷണ പരിപാടികളുടെ പ്രധാനഭാഗമാണ്.

## സെമിനാറുകളും കോൺഫറൻസുകളും

മാധ്യമപ്രവർത്തനരംഗത്തെ സുപ്രധാനവിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകളും ശില്പശാലകളും തുടർച്ചയായി ഇവിടെ നടത്തപ്പെടുന്നു. പ്രശസ്തമായ മാധ്യമസ്ഥാപനങ്ങളും, സീനിയർ മാധ്യമപ്രവർത്തകരും ഇവയിൽചേർന്ന് പ്രവർത്തിക്കുകയും കാലികപ്രസക്തിയുള്ള വിഷയങ്ങളിൽ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും സഹായമാകുന്നതിലുപരി ഇത്തരം ശില്പശാലകൾ ചിന്തകളും വിചാരങ്ങളും കൈമാറാനും മനസ്സിലാക്കാനുമൊക്കെയുള്ള വേദികൾ കൂടിയാണ്. ഇതിനുംപുറമേ വിവിധ മേഖലകളിൽ പ്രഗത്ഭരായ വ്യക്തികളെ ഇന്ത്യക്കു

ള്ളിൽനിന്നും പുറത്തുനിന്നും കൊണ്ടുവരുകയും വിദ്യാർത്ഥികളും അദ്ധ്യാപകരുമായി സംവാദങ്ങൾ സംഘടിപ്പിക്കുകയും ചെയ്തുപോരുന്നു.

**ജേർണലിസം പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കോഴ്സുകൾ**

ഇംഗ്ലീഷ്/ഹിന്ദി/ഉറുദു/ഒഡിയ/മറാഠി/മലയാളം ഭാഷകളിൽ ഐ ഐ എം സിയിൽ ജേർണലിസം പി ജി ഡിപ്ലോമ കോഴ്സുകൾ നിലവിലുണ്ട്.

**കോഴ്സിന്റെ പൊതുലക്ഷ്യങ്ങൾ**

- ഇന്ത്യയിലെ കമ്യൂണിക്കേഷൻ അഥവാ ആശയവിനിമയരീതികളെപ്പറ്റി വ്യക്തമായ കാഴ്ചപ്പാട് നൽകുക.
- ഇന്ത്യയിലെ പുരാതന ആശയവിനിമയ രീതികൾ, ആശയവിനിമയത്തിന്റെ ചരിത്രം, സ്വാതന്ത്ര്യസമരകാലത്തെ മാധ്യമങ്ങളുടെ പ്രസക്തി, സാമൂഹ്യ-രാഷ്ട്രീയ ധാരകൾ, അടിയന്തരാവസ്ഥക്കാലത്തിനുശേഷമുള്ള ഇന്ത്യയുടെ അവസ്ഥ എന്നിവയെക്കുറിച്ചുള്ള പഠനം.
- മെച്ചപ്പെട്ടതും ഗുണകരവുമായ ആശയവിനിമയരീതികളും ആയതിൽ മാധ്യമപ്രവർത്തകർക്കുള്ള പങ്കും വരച്ചുകാട്ടുക.
- ഉള്ളടക്കം, സാങ്കേതികവിദ്യ എന്നിവ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുകയും അതോടൊപ്പം അവരെ അതിന് സജ്ജരാക്കുകയും ചെയ്യുക.
- രാജ്യത്തിനുവേണ്ടി കൃത്യമായ ആശയവിനിമയ പ്രക്രിയകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- നൂതനമായ സാങ്കേതികവിദ്യക്കൊപ്പം മാധ്യമപ്രവർത്തകർക്കുള്ള സാദ്ധ്യതകൾ നിർവ്വചിക്കുക.
- റിപ്പോർട്ടിങ്ങ്, എഡിറ്റിംഗ്, പ്രൊഡക്ഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിവയിൽ മികച്ച പരിശീലനവും പരിചയവും നൽകുക.
- നിഷ്പക്ഷമായ മാധ്യമധർമ്മത്തിനുവേണ്ടിയുള്ള മൂല്യങ്ങൾ കുട്ടികൾക്ക് പകർന്നു നൽകുക.

- പുരോഗതിക്കും വികസനത്തിനും വേണ്ടി സമൂഹത്തോടും രാജ്യത്തോടും പ്രതിബദ്ധത ഉറപ്പാക്കുക.
- സ്വാശ്രയ-ഗവൺമെന്റ്-മാധ്യമസ്ഥാപനങ്ങളുടെ കർത്തവ്യം എന്താണെന്നു വ്യക്തമാക്കുക.

താഴെപ്പറയുന്നവയാണ് രണ്ടു സെമസ്റ്ററുകളിൽ അടങ്ങിയ പേപ്പറുകൾ*

| | |
|---|---|
| 1. | കമ്യൂണിക്കേഷൻ: സങ്കൽപവും പ്രക്രിയയും |
| 2. | പത്രപ്രവർത്തനചരിത്രം, നിയമങ്ങൾ, ധാർമ്മികത |
| 3. | റിപ്പോർട്ടിങ്ങ് : സങ്കൽപവും പ്രക്രിയയും |
| 4. | എഡിറ്റിങ്ങ് : സങ്കൽപവും പ്രക്രിയയും |
| 5. | റിപ്പോർട്ടിങ്ങ് : പ്രായോഗിക പരിശീലനം |
| 6. | എഡിറ്റിങ്ങ് : പ്രായോഗിക പരിശീലനം |
| 7. | മീഡിയ മാനേജ്മെന്റ്, അഡ്വെർടൈസിങ്ങ് & പി ആർ |
| 8. | റേഡിയോ & ടെലിവിഷൻ ജേർണലിസം |
| 9. | വികസനോന്മുഖ പത്രപ്രവർത്തനം |
| 10. | ന്യൂമീഡിയ & ഓൺലൈൻ ജേർണലിസം |

** ചില ഭാഷാ ജേർണലിസം കോഴ്സുകളിൽ നേരിയ വ്യത്യാസമുണ്ടായിരിക്കും.*

## പി ജി ഡിപ്ലോമ കോഴ്സ് ഇൻ റേഡിയോ ആൻഡ് ടി വി ജേർണലിസം

**കോഴ്സിന്റെ ലക്ഷ്യങ്ങൾ**

- വാക്കിലൂടെയും ദൃശ്യങ്ങളിലൂടെയും സൃഷ്ടിപരമായ ആശയവിനിമയത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക.
- മാധ്യമപഠനവൈഭവവും അതോടൊപ്പം മാധ്യമധർമ്മബോധവും വളർത്തുക.
- ആശയവിനിമയത്തിലെ സാങ്കേതികത നയങ്ങൾ ക്രയവിക്രയങ്ങൾ എന്നിവ മനസ്സിലാക്കുക.

- ടെലിവിഷൻ സാങ്കേതികത, ആഗോളപ്രക്ഷേപണം എന്നിവയെക്കുറിച്ച് അവബോധം ഉണ്ടാക്കുക.
- റേഡിയോ/ടി വി റിപ്പോർട്ടിങ്ങ് / ആങ്കറിങ്ങ്/ പ്രൊഡക്ഷൻ ആൻഡ് പ്രസന്റേഷൻ എന്നിവയിൽ വിദ്യാർത്ഥികളുടെ വൈഭവം വളർത്തിയെടുക്കുക.
- ക്യാമറ ഹാൻഡിലിങ്ങ്/വീഡിയോ എഡിറ്റിംഗ്/സൗണ്ട് റെക്കോർഡിങ്ങ്/നോൺ ലീനിയർ സിസ്റ്റംസിലെ എഡിറ്റിംഗ് കൂടാതെ സമകാലിക ശബ്ദ/ദൃശ്യ സോഫ്ട്വെയറുകൾ മുതലായവയുടെ ഉപയോഗരീതിയിൽ നൈപുണ്യം വർദ്ധിപ്പിക്കുക.

**താഴെപ്പറയുന്നവയാണ് രണ്ട് സെമസ്റ്ററുകളിൽ അടങ്ങിയ പേപ്പറുകൾ**

| | |
|---|---|
| 1. | കമ്യൂണിക്കേഷൻ: സങ്കൽപവും പ്രക്രിയയും സിദ്ധാന്തങ്ങളും |
| 2. | ജേർണലിസം ഒരു ആമുഖം: പത്രപ്രവർത്തനചരിത്രം, പത്രനിയമങ്ങൾ, ധാർമികതയും വ്യവസ്ഥാപനവും |
| 3. | അച്ചടി മാധ്യമം (പ്രിന്റ് ജേർണലിസം) |
| 4. | റേഡിയോ ജേർണലിസം: സങ്കൽപവും പ്രക്രിയയും പ്രൊഡക്ഷനും |
| 5. | ടി വി ജേർണലിസം: സങ്കൽപവും പ്രക്രിയയും |
| 6. | ടെലിവിഷൻ പ്രൊഡക്ഷൻ & മാനേജ്മെന്റ് |
| 7. | ടെലിവിഷൻ ന്യൂസ് : റിപ്പോർട്ടിങ്ങ്, എഡിറ്റിങ്ങ് & ബുള്ളറ്റിൻ പ്രൊഡക്ഷൻ |
| 8. | റേഡിയോ ന്യൂസ്: റിപ്പോർട്ടിങ്ങ്, എഡിറ്റിങ്ങ് & ബുള്ളറ്റിൻ പ്രൊഡക്ഷൻ |
| 9. | ന്യൂമീഡിയ & ഓൺലൈൻ ജേർണലിസം |
| 10. | അഡ്വെർടൈസിങ്ങ്, പി ആർ/സി സി & മീഡിയ ബിസിനസ്സ് മാനേജ്മെന്റ് |

## പി ജി ഡിപ്ലോമ ഇൻ അഡ്വെർടൈസിങ്ങ് ആൻഡ് പബ്ലിക് റിലേഷൻസ് കോഴ്സിന്റെ ലക്ഷ്യങ്ങൾ

- കമ്യൂണിക്കേഷൻ, മാർക്കറ്റിംഗ്, അഡ്വെർടൈസിങ്ങ്, പബ്ലിക് റിലേഷൻസ്, കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് എന്നി മേഖലകളിലെ പ്രധാനതത്വങ്ങളും

ആശയങ്ങളും ശക്തമായ താത്വിക-പ്രയോഗിക അടിസ്ഥാനത്തോടുകൂടി വിദ്യാർത്ഥികളിൽ എത്തിക്കുക.

- കമ്യൂണിക്കേഷൻ പ്രക്രിയയും അതിലെ വിവിധ പങ്കാളികളും അവരുടെ കർത്തവ്യങ്ങളും എന്താണെന്നതിനെക്കുറിച്ച് ധാരണയുണ്ടാക്കുക.
- വിവിധ ആശയവിനിമയ ഉപാധികളുടെ സമന്വയത്തിലൂടെ സ്ഥാപനലക്ഷ്യങ്ങൾ കൈവരിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക.
- ആശയവിനിമയ രംഗത്തെ നൂതനഉപാധികൾ, ഇന്റർനെറ്റ്, സാങ്കേതിക സോഫ്ട്‌വെയറുകൾ, വിവരസാങ്കേതിക വിദ്യകൾ മുതലായവ പരിചയപ്പെടുത്തുന്നതിലൂടെ ആശയവിനിമയത്തിന്റെ കലയും ശാസ്ത്രവും സമന്വയിപ്പിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
- കമ്യൂണിക്കേഷനിൽ വിദ്യാർത്ഥികളെ മാർഗ്ഗദർശികളും തീരുമാനങ്ങൾ എടുക്കാൻ കഴിവുള്ളവരുമാക്കി തീർക്കുക.
- സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങളിൽ പി ആർ / അഡ്വെർടൈസിങ്ങ് എന്നിവയുപയോഗിച്ചു സമൂഹത്തിന്റെ ചിന്താഗതി, പെരുമാറ്റ രീതി, അഭിപ്രായങ്ങൾ എന്നിവ വളർത്തിയെടുക്കാനുള്ള കഴിവ് വളർത്തിയെടുക്കുക.

**താഴെപ്പറയുന്നവയാണ് രണ്ട് സെമസ്റ്ററുകളിൽ അടങ്ങിയ പേപ്പറുകൾ**

| | |
|---|---|
| 1. | കമ്യൂണിക്കേഷൻ സിദ്ധാന്തങ്ങളും ഗവേഷണവും |
| 2. | അഡ്വെർടൈസിങ്ങ് : തത്വങ്ങൾ, സങ്കൽപങ്ങൾ, മാനേജ്മെന്റ് |
| 3. | പബ്ലിക് റിലേഷൻസ് : തത്വങ്ങളും ഉപാധികളും വിദ്യകളും |
| 4. | മാർക്കറ്റിങ്ങ് മാനേജ്മെന്റ് |
| 5. | ഗവൺമെന്റും പബ്ലിക് സർവ്വീസ് കമ്യൂണിക്കേഷനും |
| 6. | അഡ്വെർടൈസിങ്ങ് & മാർക്കറ്റിങ്ങ് റിസർച്ച്<br>പാർട്ട് എ : സെമസ്റ്റർ 1 (തിയറി)<br>പാർട്ട് ബി : സെമസ്റ്റർ 2 (റിസർച്ച് പ്രോജക്ട്) |
| 7. | പ്രൊഡക്ഷൻ ടെക്നിക്സ് & മെത്തേഡ്സ് |

| | |
|---|---|
| 8. | മീഡിയ ഇൻഡസ്ട്രി മാനേജ്മെന്റ് & കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ |
| 9. | മീഡിയ പ്ലാനിങ്ങ് |
| 10. | ക്രിയേറ്റിവിറ്റി & ക്യാമ്പയിൻ പ്ലാനിങ്ങ് |

**അക്കാഡമിക് കലണ്ടർ**

**പി ജി ഡിപ്ലോമ കോഴ്സ്**

**ഒന്നാം സെമസ്റ്റർ – ഓഗസ്റ്റ് മുതൽ ഡിസംബർ വരെ**

**രണ്ടാം സെമസ്റ്റർ – ജനുവരി മുതൽ മെയ് വരെ**

| | |
|---|---|
| ഒന്നാം സെമസ്റ്ററിന്റെ ആരംഭം | 1 ആഗസ്റ്റ് 2018 |
| ധെങ്കനൽ ക്യാമ്പസിൽ മിഡ് സെമസ്റ്റർ ബ്രേക്ക് | ദുർഗ്ഗ പൂജ, 2018 ഒക്ടോബർ 15 മുതൽ 19 വരെ |
| മിഡ് സെമസ്റ്റർ ബ്രേക്ക് (ന്യൂഡൽഹി, ഐസ്വാൾ, അമരാവതി, ജമ്മു & കോട്ടയം) | ദീപാവലി<br>2018 നവംബർ 5 മുതൽ 9 വരെ |
| സെമസ്റ്റർ 1 പരീക്ഷ | 2018 ഡിസംബർ 17 മുതൽ 21 വരെ |
| ശീതകാല അവധി (വിന്റർ ബ്രേക്ക്) | 2018 ഡിസംബർ 22 മുതൽ 2019 ജനുവരി 1 വരെ |
| രണ്ടാം സെമസ്റ്റർ ക്ലാസുകൾ ആരംഭിക്കുന്ന ദിവസം | 2019 ജനുവരി 2 |
| രണ്ടാം സെമസ്റ്റർ പരീക്ഷ | 2019 ഏപ്രിൽ 22 മുതൽ 26 വരെ |
| ഇന്റേൺഷിപ്പ് (നാല് ആഴ്ച്ചകൾ) | മെയ് 2019 |
| റിസൽറ്റ് പ്രഖ്യാപനം/അക്കാദമിക് സെക്ഷൻ അവസാനിക്കുന്നത് | 2019 മെയ് അവസാന ആഴ്ച്ച, അല്ലെങ്കിൽ ജൂൺ ആദ്യത്തെ ആഴ്ച്ച |

**യോഗ്യതാ മാനദണ്ഡം**

**പൗരത്വം :** ഐ ഐ എം സിയിലെ പി ജി ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷിക്കാൻ ഇന്ത്യൻ പൗരത്വം നിർബ്ബന്ധമാണ്. എൻ ആർ ഐ/ എൻ ആർ ഐ സ്പോൺസേർഡ് അപേക്ഷാർത്ഥികൾക്കുവേണ്ടി അഞ്ചു സീറ്റുകൾ എല്ലാ കോഴ്സുകളിലും ഒഴിച്ചിട്ടിരിക്കുന്നു. (എൻ ആർ ഐ/ എൻ ആർ ഐ സ്പോൺസേർഡ് വിഭാഗത്തിൽ വരുന്ന അപേക്ഷാർത്ഥികൾ പ്രത്യേക അപേക്ഷാ ഫോം സമർപ്പിക്കേണ്ടതാണ്) അടിസ്ഥാപനപരമായ യോഗ്യത, എഴുത്ത് പരീക്ഷയിലെ പ്രകടനം, തുടർന്നുള്ള ഗ്രൂപ്പ് ഡിസ്കഷൻ എന്നിവയുടെ അടിസ്ഥാനത്തിലാകും തിരഞ്ഞെടുപ്പ് (എഴുത്തുപരീക്ഷയിൽ യോഗ്യതനേടുന്നവർക്ക് മാത്രം.) എൻ ആർ ഐ / എൻ ആർ ഐ സ്പോൺസേർഡ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾ എഴുത്തുപരീക്ഷയ്ക്ക് ഹാജരാകേണ്ടതില്ല. എന്നാൽ ഗ്രൂപ്പ് ഡിസ്കഷൻ/ഇന്റർവ്യൂ എന്നിവയിൽ അവർ പങ്കെടുക്കേണ്ടതാണ്.

**അത്യാന്താപേക്ഷിതം:** ഏതെങ്കിലും വിഷയത്തിൽ ബിരുദം. ബിരുദ പരീക്ഷ കഴിഞ്ഞു ഫലത്തിനായി കാത്തിരിക്കുന്നവർക്കും അവസാനവർഷ പരീക്ഷ എഴുതാൻ തയ്യാറെടുക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ടാൽ മുൻപ് പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിൽ നിന്നോ സർവ്വകലാശാലയിൽ നിന്നോ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് 2018 ഓഗസ്റ്റ് 31 ന് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം അഡ്മിഷൻ ക്യാൻസൽ ആകുന്നതായിരിക്കും.

**ജനനതീയതി:** ജനറൽ വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾ 01.08.1993 ൽ ജനിച്ചവരോ അഥവാ അതിനുശേഷം ജനനതീയതി ഉള്ളവരോ ആയിരിക്കണം. എസ് സി/ എസ് ടി അല്ലെങ്കിൽ അംഗപരിമിതരായവർ 01.08.1988 അല്ലെങ്കിൽ അതിനുശേഷമോ ജനനതീയതി ഉള്ളവരാകാം. ഒ ബി സി വിഭാഗത്തിൽപ്പെട്ട അപേക്ഷാർത്ഥികൾ 01.08.1990 അല്ലെങ്കിൽ അതിനുശേഷമോ ജനനതീയതിയുള്ളവരായിരിക്കണം.

**സീറ്റുകളുടെ എണ്ണം**

| **കോഴ്സ്** | **ന്യൂഡൽഹി** | **ധെങ്കനൽ** | **അമരാവതി** | **ഐസ്വാൾ** | **ജമ്മു** | **കോട്ടയം** |
|---|---|---|---|---|---|---|
| ജേർണലിസം (ഹിന്ദി) | 62 | – | – | – | – | – |
| ജേർണലിസം (ഇംഗ്ലീഷ്) | 62 | 62 | 15 | 15 | 15 | 15 |
| റേഡിയോ & ടി വി | 46 | – | – | – | – | |
| അഡ്വർടൈസിങ്ങ് & പി ആർ | 70 | – | – | – | – | – |
| ജേർണലിസം (ഒഡിയ) | – | 23 | – | – | – | – |
| ജേർണലിസം (ഉറുദു) | 15 | – | – | – | – | – |
| ജേർണലിസം (മറാഠി) | – | – | 15 | – | – | – |
| ജേർണലിസം (മലയാളം) | – | – | – | – | – | 15 |

**റിസെർവ്വേഷൻ**

ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നിർദ്ദേശങ്ങളനുസരിച്ച് എസ് സി /എസ് ടി / ഒ ബി സി അപേക്ഷാർത്ഥികൾക്ക് സംവരണം ലഭിക്കുന്നതാണ്.

**പരീക്ഷാർത്ഥികളുടെ തിരഞ്ഞെടുപ്പ്**

27 മെയ് 2018 ന് നിർദ്ദിഷ്ട യോഗ്യതയുള്ള പരീക്ഷാർത്ഥികൾ ന്യൂഡൽഹി/അഹമ്മദാബാദ് /ഐസ്വാൾ/അമരാവതി/ബെംഗളൂരു/ഭോപ്പാൽ/ചെന്നൈ/ഡെറാഡൂൺ/ ധെങ്കനാൽ/ ഗുവഹത്തി/ ഹൈദരാബാദ്/ജമ്മു/കൊൽക്കത്ത/ കോട്ടയം/ലക്നൗ/

മുംബൈ/പട്ന/ റാഞ്ചി/റായിപൂർ/ശ്രീനഗർ ഇവയിൽ ഏതെങ്കിലും സെന്ററിൽ സ്വന്തം ചിലവിൽ എഴുത്ത് പരീക്ഷയ്ക്ക് ഹാജരാവണം. എന്നാൽ ഏത് സെന്ററിൽ പരീക്ഷയെ ഴുതണമെന്ന് തീരുമാനിക്കാനുള്ള പൂർണ്ണഅവകാശം ഐ ഐ എം സിയിൽ നിക്ഷിപ്ത മായിരിക്കും.

ഉറുദു ജേർണലിസത്തിന്റെ തിരഞ്ഞെടുപ്പ് പരീക്ഷ 2018 മെയ് 26 ന് ന്യൂഡൽഹി/ഭോപ്പാൽ/ശ്രീനഗർ/ജമ്മു/ഹൈദരാബാദ്/ലക്നൗ/മുംബൈ/പാട്ന എന്നീ സെന്ററുകളിൽ നടക്കും. ഒഡിയയുടെ പരീക്ഷ 2018 മെയ് 26 ന് ധെങ്കനാലിൽ നടക്കും. മറാഠി ജേർണലിസം പരീക്ഷ ഇതേദിവസം തന്നെ അമരാവതി/മുംബൈയിലും മല യാളം ജേർണലിസം പരീക്ഷ കോട്ടയത്തും നടക്കും.

എഴുത്ത് പരീക്ഷയിൽ നേടിയ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും പരീ ക്ഷാർത്ഥികളുടെ റാങ്ക് നിർണ്ണയിക്കപ്പെടുന്നത്. പരീക്ഷാർത്ഥികളുടെ താൽക്കാലികമായ ലിസ്റ്റ് എല്ലാ കോഴ്സിനും പ്രത്യേകം ഉണ്ടായിരിക്കുന്നതാണ്. (സംവരണം ഉള്ളവർക്കു വേണ്ടി മാത്രം മറ്റൊരു ലിസ്റ്റും ഉണ്ടായിരിക്കും.) മാർക്കിന്റെ അടിസ്ഥാനത്തിൽ ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ട പരീക്ഷാർത്ഥികളെ തുടർന്നുള്ള ഇന്റർവ്യൂ അല്ലെങ്കിൽ ഗ്രൂപ്പ് ഡിസ്കഷനുവേണ്ടി അവരുടെ സ്വന്തം ചിലവിൽ 2018 ജൂൺ അവസാന/ആഴ്ച്ച അല്ലെ ങ്കിൽ ജൂലൈ ആദ്യ ആഴ്ച്ച ന്യൂഡൽഹിയിലേക്ക് വിളിക്കും.

**പരീക്ഷാർത്ഥികളുടെ എണ്ണം വളരെ കൂടുതൽ ആണെങ്കിൽ ഇന്റർവ്യൂ അതാത് റീജണൽ സെന്ററുകൾ അഥവാ പ്രാദേശിക നഗരങ്ങളിൽ വെച്ചുതന്നെ നട ത്തപ്പെടും. അപ്രകാരമാണെങ്കിൽ ആ മേഖലയിൽ വിളിക്കുന്നവരെ ഇന്റർവ്യൂവിന് മുൻപായി വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.** പ്രവേശന പരീക്ഷയിലേയും ഇൻർവ്യൂവിലേയും പ്രകടനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഓരോ പരീ ക്ഷാർത്ഥിയും കോഴ്സുകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. എഴുത്ത് പരീക്ഷ, ഇന്റർവ്യൂ, ഗ്രൂപ്പ് ഡിസ്ക്ഷൻ എന്നിവയുടെ വെയ്റ്റേജ് 75:25 എന്നീ ക്രമത്തിലായി രിക്കും.

## പ്രധാന അറിയിപ്പ്

**പി ജി ഡിപ്ലോമ ഇൻ ജേർണലിസം (ഇംഗ്ലീഷ്) കോഴ്സിന് അപേക്ഷിക്കുന്ന പരീക്ഷാർത്ഥികൾ അവരുടെ താല്പര്യമുള്ള സെന്ററുകൾ (ന്യൂഡൽഹി, ധെങ്കനാൽ**

**(ഒഡീഷ), ഐസ്വാൾ (മിസോറാം), അമരാവതി (മഹാരാഷ്ട്ര), ജമ്മു (ജമ്മു & കാശ്മീർ), കോട്ടയം (കേരളം)) തിരഞ്ഞെടുത്ത് അപേക്ഷാഫോമിൽ നിശ്ചിതക ള്ളിയിൽ താല്പര്യക്രമം രേഖപ്പെടുത്തണ്ടതാണ്. എന്നാൽ പരീക്ഷയിലും ഇന്റർവ്യൂ വിലും നടത്തിയ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ മെറിറ്റ് കം ചോയ്സ് അടിസ്ഥാ നത്തിലാണ് ക്യാമ്പസുകൾ നിർണ്ണയിക്കപ്പെടുന്നത്. ഏതെങ്കിലും സാഹചര്യത്തിൽ പരീക്ഷാർത്ഥി സ്വയം താൽപര്യമുള്ള സെന്റർ തിരഞ്ഞെടുക്കാതെയിരുന്നാൽ ഇൻസ്റ്റിറ്റ്യൂട്ട് തന്നെ ആയത് തിരഞ്ഞെടുക്കുന്നതും ആ തീരുമാനത്തിൽ പിന്നീട് യാതൊരു മാറ്റവും ഉണ്ടാകുന്നതുമല്ല.**

പോസ്റ്റൽ കാലതാമസം ഉണ്ടാകുകയോ, അറിയിപ്പുകൾ തപാലിൽ നഷ്ടപ്പെടു കയോ ചെയ്താൽ ഇൻസ്റ്റിറ്റ്യൂട്ടിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. ഈ വിഷയത്തിൽ എന്തെങ്കിലും തർക്കമുണ്ടാകുന്നപക്ഷം ആയത് ഡൽഹി അധികാരപ രിധിയിലുള്ള കോടതിയിൽ മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ.

**കോഴ്സ് ഫീസ്**

| **കോഴ്സ്** | **റ്റ്യൂഷൻ ഫീ** | **റ്റ്യൂഷൻ ഫീസ് (എൻ ആർ ഐ)** |
|---|---|---|
| ജേർണലിസം (ഹിന്ദി, ഇംഗ്ലീഷ്) | ₹ 79,000 | യു. എസ്. $ 8,000 |
| റേഡിയോ & ടി വി ജേർണ ലിസം | ₹ 1,45,000 | യു. എസ്. $ 12,000 |
| അഡ്വെർടൈസിങ്ങ് & പി ആർ | ₹ 1,12,000 | യു. എസ്. $ 12,000 |
| ജേർണലിസം (ഒഡിയ) | ₹ 43,000 | |
| ജേർണലിസം (ഉറുദു) | ₹ 43,000 | |
| ജേർണലിസം (മറാഠി) | ₹ 43,000 | |
| ജേർണലിസം (മലയാളം) | ₹ 43,000 | |

**എൻ ആർ ഐ വിഭാഗത്തിലുള്ള പരീക്ഷാർത്ഥികൾ, ഡിസ്കഷൻ & ഇന്റർവ്യൂ എന്നിവയുടെ ഫീസ് ആയി 50 ഡോളർ ( 50 യു. എസ്. ഡോളർ) ഡി ഡി ആയി അയക്കേണ്ടതാണ്.**

**പണമടയ്ക്കേണ്ട ക്രമം**

വിദ്യാർത്ഥികൾ രണ്ടു ഗഡുവായിട്ടാണ് ഫീസ് അടക്കേണ്ടത്. അതിൽ ആദ്യത്തെ ഗഡു ജൂലൈ 2018 ൽ കോഴ്സ് തുടങ്ങുമ്പോൾ നിശ്ചിത തീയതിക്കുള്ളിൽത്തന്നെ നൽകേണ്ട താണ്. ആദ്യഗഡു ഫീസ് അടച്ചതിനുശേഷം 2018 ആഗസ്റ്റ് 10 നുള്ളിൽ ക്ലാസ്സിൽ വിദ്യാർത്ഥി ഹാജരാകാത്ത സാഹചര്യത്തിൽ അഥവാ അത് സംബന്ധിച്ച് യാതൊരു അറിയിപ്പും രേഖാമൂലം നൽകാത്തപക്ഷം ആ അഡ്മിഷൻ ക്യാൻസൽ ആകുകയും അതേ സീറ്റ് നിലവിലുള്ള മെറിറ്റ് ലിസ്റ്റിൽ ഉള്ള മറ്റൊരു വിദ്യാർത്ഥിക്ക് ലഭിക്കുകയും നേരത്തെ അടച്ചതുക പിഴയായി കണ്ടുകെട്ടുന്നതുമാണ്.

രണ്ടാമത്തെ ഗഡു റ്റ്യൂഷൻ ഫീസ് 2019 ജനുവരി 15 നുള്ളിൽ അടക്കേണ്ടതാണ്. ഇതേ ദിവസം ഫീസ് അടക്കാൻ കഴിഞ്ഞില്ലെങ്കിൽ തുടർന്നുള്ള ഓരോ ദിവസവും 20 രൂപ പിഴ ഈടാക്കുന്നതാണ്. 2019 ജനുവരി 31 ന് ഫീസ് അടക്കാനാകാത്ത വിദ്യാർത്ഥി കളുടെ പേര് നീക്കംചെയ്യുന്നതും തുടർന്ന് 2019 ഫെബ്രുവരി 15 ന് റീ അഡ്മിഷൻ ഫീ ആയി 500 രൂപ ഈടാക്കുന്നുതുമായിരിക്കും. റീ അഡ്മിഷൻ നടത്താനുള്ള അധികാരം പൂർണ്ണമായും ഇൻസ്റ്റിറ്റ്യൂട്ടിന്റെ അധികാരപരിധിയിൽ നിക്ഷിപ്തമായിരിക്കും. **പഠനകാല യളവിനിടയിൽ ഏതെങ്കിലും വിദ്യാർത്ഥി കോഴ്സ് നിർത്തി പോയാൽ ഗഡുക്കളായി അടച്ച ഫീസ് തിരികെ നൽകുന്നതല്ല.**

**ഫീസ് റീഫണ്ട്**

കോഴ്സ് തുടങ്ങുന്നതിനുമുമ്പ് ഏതെങ്കിലും പരീക്ഷാർത്ഥി കോഴ്സിൽ നിന്ന് പിൻവാങ്ങിയാൽ അടച്ചഫീസിൽ നിന്ന് 1000 രൂപ പ്രൊസസ്സിങ്ങ് ഫീ ആയി ഈടാക്കിയ തിനുശേഷം തിരികെ നൽകുന്നതാണ്.

**വിദ്യാർത്ഥി ക്ഷേമനിധിയും മറ്റ് ചെലവുകളും**

അഡ്മിഷൻ സമയത്ത് കോഴ്സിൽ പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികളും ക്ഷേമനിധി/പലവക ചെലവ് ഫണ്ടിലേക്ക് 3500 രൂപ അടയ്ക്കേണ്ടതാണ്. ബിരുദദാന

(കോൺവൊക്കേഷൻ) സമയത്ത് എല്ലാ വിദ്യാർത്ഥികൾക്കും അംഗവസ്ത്രം (സ്കാർഫ്) നൽകുന്നതാണ്.

## നിർധനസഹായവും പുരസ്കാരങ്ങളും

നിർധനരായ വിദ്യാർത്ഥികൾക്കു വേണ്ടിയാണ് ഈ ധനസഹായം ഏർപ്പെടുത്തി യിരിക്കുന്നത്. മെറിറ്റ്-കം-മീൻസ് അടിസ്ഥാനത്തിൽ ഹാഫ്/ക്വാർട്ടർ ഫ്രീഷിപ്പ് ഡൽഹി യിലും മറ്റ് എല്ലാ റീജണൽ ക്യാമ്പസുകളിലും നിലവിലുണ്ട്. ആദ്യ സെമസ്റ്റർ പരീക്ഷ യുടെ മാർക്കിന്റേയും ഹാജർനിലയുടേയും അടിസ്ഥാനത്തിലായിരിക്കും മെറിറ്റ് നിശ്ചയി ക്കുന്നത്.

അപേക്ഷാർത്ഥികളിൽ നിന്ന് നിർദ്ധനരായവരെ കണ്ടെത്താനുള്ള പ്രത്യേക കമ്മിറ്റി എല്ലാ വർഷവും രൂപീകരിക്കുതായിരിക്കും.

**ഫ്രീഷിപ്പ് ലഭിക്കുന്നതിന് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന കുടുംബവാർഷി കവരുമാനത്തിന് തെളിവായ വരുമാനസർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരി യിൽനിന്ന് വാങ്ങി സമർപ്പിക്കേണ്ടതാണ്. ഫ്രീഷിപ്പ് അപേക്ഷയിൽ ടി രേഖയ്ക്ക് വിരുദ്ധമായ ഏതെങ്കിലും വരുമാന അവകാശവാദം സംബന്ധിച്ച കാര്യങ്ങൾ ഉണ്ടെ ങ്കിൽ ആയത് പരിഗണിക്കുന്നതല്ല.**

## സ്കോളർഷിപ്പുകൾ

1. **രതി അഗർവാൾ സ്കോളർഷിപ്പ്** - ഹിന്ദി ജേർണലിസം പ്രവേശന പരീക്ഷയിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെക്കുന്ന വിദ്യാർത്ഥിനിക്ക് നൽകുന്ന സ്കോളർഷിപ്പ്.
2. **സ്റ്റാർ ടി വി സ്കോളർഷിപ്പ്** - റേഡിയോ & ടി വി ജേർണലിസം പ്രവേശന പരീ ക്ഷയിൽ മികച്ച പ്രകടനം കാഴ്ച്ചവെക്കുന്ന വിദ്യാർത്ഥിക്ക് നൽകുന്ന സ്കോളർഷി പ്പ്.
3. **അച്ചിൻ ഗാംഗൂലി സ്കോളർഷിപ്പ്** - അഡ്വർടൈസിങ്ങ് & പി ആർ കോഴ്സിൽ, പ്രവേശന എഴുത്ത് പരീക്ഷയിലും അവസാന റിസൽറ്റിലും മികച്ച പ്രകടനം കാഴ്ച്ചവെക്കുന്ന രണ്ട് വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ്.

4. **ജസ്‌വീന്ദർ സിംഗ് മെമ്മോറിയൽ സ്കോളർഷിപ്പ്** - ഹിന്ദി ജേർണലിസത്തിലും റേഡിയോ & ടി വി ജേർണലിസത്തിലും പ്രവേശനപരീക്ഷയിലും ആദ്യ സെമസ്റ്റർ പരീക്ഷയിലും മികച്ച പ്രകടനം കാഴ്ച്ചവെക്കുന്ന രണ്ട് വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ്.

### വിദ്യാർത്ഥികളുടെ ഹാജർ

**ഓരോ സെമസ്റ്ററിലും ചുരുങ്ങിയത് 75% ഹാജർ നിലയുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതാൻ സാധിക്കുകയുള്ളൂ. ഹാജർ കുറവുള്ള വിദ്യാർത്ഥി കൾക്ക് സെമസ്റ്റർ പരീക്ഷ എഴുതാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.**

വിദ്യാർത്ഥിയുടെ സ്വന്തം പരിധിക്ക് അപ്പുറം ഉള്ള കാരണത്താലാണ് ഹാജർനില കുറ ഞ്ഞതെന്ന് തെളിയിക്കുന്നപക്ഷം ഡയറക്ടർ ജനറലിന് നേരിട്ട് 5% അറ്റൻഡൻസ് കൊടു ക്കാൻ അധികാരം ഉണ്ടായിരിക്കും.

### സെമസ്റ്റർ പരീക്ഷകളുടെ പുനപരിശോധന

ഉത്തരക്കടലാസുകളുടെ പുനർനിർണ്ണയം ഒരു കാരണവശാലും നടത്തുന്നതല്ല. എന്നിരു ന്നാലും മാർക്ക് കൂട്ടിയതിൽ വന്ന തകരാറോ അഥവാ സ്ക്രൂട്ടിനിയോ വേണ്ടി വരുന്ന സാഹചര്യത്തിൽ 100 രൂപ ഫീസ് (ഓരോ വിഷയത്തിനും) സഹിതം അപേക്ഷ നൽകുന്ന പക്ഷം പുനപരിശോധനയ്ക്കുള്ള അപേക്ഷ പരിഗണിക്കപ്പെടും.

### സപ്ലിമെന്ററി പരീക്ഷ

ഏറ്റവും കുറഞ്ഞത് 50% ഹാജർ ഉള്ള വിദ്യാർത്ഥികൾ മാത്രമേ സപ്ലിമെന്ററി പരീക്ഷ എഴുതാൻ യോഗ്യത നേടുകയുള്ളൂ. അൻപത് ശതമാനത്തിൽ താഴെ ഹാജർ ഉള്ള വിദ്യാർത്ഥികളെ യാതൊരു കാരണവശാലും സപ്ലിമെന്ററി പരീക്ഷ എഴുതാൻ അനുവദി ക്കുന്നതല്ല. ഇതിനുപുറമേ അവരുടെ പേര് നീക്കം ചെയ്യുന്നതുമാണ്.

ഏതെങ്കിലും വിദ്യാർത്ഥി ഒന്നോ അതിൽ കൂടുതലോ പരീക്ഷകൾ എഴുതാതെ ഇരിക്കുകയോ നിർദ്ദേശിക്കപ്പെട്ട മിനിമം മാർക്ക് നേടാതെയിരിക്കുകയോ അഥവാ ഹാജർ കുറഞ്ഞ കാരണത്താൽ പരീക്ഷയിൽ നിന്ന് ഒഴിവാക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ. സപ്ലിമെന്ററി പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷകൾ, ആ അക്കാദ

മിക് സെഷൻ അവസാനിച്ചതിനുശേഷം, കേസിന്റെ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കപ്പെടുന്നതായിരിക്കും.

സപ്ലിമെന്ററി പരീക്ഷ എഴുതുന്നതിന് ഓരോ പേപ്പറിലും 500 രൂപവച്ച് ഈടാക്കുന്നതാണ്. പരീക്ഷയിൽ ജയിച്ചാൽ ഡിപ്ലോമ ലഭിക്കുകയും ചെയ്യും. എന്നാൽ മേൽപ്പറഞ്ഞ ഹാജർ നിബന്ധന അനുസരിച്ച് മാത്രമേ സപ്ലിമെന്ററി പരീക്ഷ എഴുതാൻ സാധിക്കൂ.

ഒരു തവണ മാത്രമേ സപ്ലിമെന്ററി പരീക്ഷ എഴുതാൻ ഉള്ള അവസരം ലഭിക്കുകയുള്ളൂ. ആ പരീക്ഷ അടുത്ത അദ്ധ്യയനവർഷത്തിലെ ആദ്യ സെമസ്റ്റർ പരീക്ഷയുടെ കൂടെ എഴുതുകയും വേണം.

സപ്ലിമെന്ററി പരീക്ഷയുടെ മാർക്ക് ഷീറ്റിൽ കൃത്യമായും ‘സപ്ലിമെന്ററി’ എന്ന് രേഖപ്പെടുത്തിയിരിക്കും. അതിനായി പ്രത്യേക ക്യൂമുലേറ്റിവ് മാർക്ക് ഷീറ്റ് ഉണ്ടായിരിക്കുന്നതല്ല.

**ഡിപ്ലോമ ലഭിക്കുന്നതിനുള്ള യോഗ്യത**

ഡിപ്ലോമ സർട്ടിഫിക്കറ്റിന് യോഗ്യത നേടുന്നതിനായി ഓരോ വിദ്യാർത്ഥിയും രണ്ടു സെമസ്റ്റർ പരീക്ഷകളും എഴുതുകയും ഓരോ വിഷയത്തിലും ചുരുങ്ങിയത് 40% മാർക്ക് എങ്കിലും കരസ്ഥമാക്കിയിരിക്കുകയും വേണം.

**വിദ്യാർത്ഥികളുടെ അച്ചടക്കം**

- ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ പഠനപദ്ധതികൾ വിജയകരമായി പൂർത്തിയാക്കുന്നതിനു വേണ്ട അക്കാദമിക് പ്രകടനത്തിന്റെ മാനദണ്ഡങ്ങൾ, വിലയിരുത്തൽ സംവിധാനങ്ങൾ, ഹാജർ നിലവാരം, അച്ചടക്കം, എന്നിവ സംബന്ധിച്ച് സമയാസമയം നടപ്പിലാക്കിവരുന്ന നിയമങ്ങളും ചട്ടങ്ങളും ഓരോ വിദ്യാർത്ഥിയും കർശ്ശനമായി പാലിക്കേണ്ടതാണ്.
- ഐ ഐ എം സിയിലെ വിദ്യാർത്ഥികൾക്കായുള്ള പെരുമാറ്റച്ചട്ടങ്ങൾ (Code of conduct) ഐ ഐ എം സി വെബ്സൈറ്റിൽ ലഭ്യമാണ്. സോഷ്യൽ മീഡിയയുടെ ഉപയോഗം, വിദ്യാർത്ഥികളിൽ നിന്ന് സ്ഥാപനത്തിന്റെ പ്രതീക്ഷ, അച്ചടക്ക രീതികൾ എന്നിവയെ സംബന്ധിച്ച് ഐ ഐ എം സിയുടെ നയങ്ങൾ അടങ്ങുന്ന പെരുമാറ്റച്ചട്ടങ്ങൾ എല്ലാ അപേക്ഷാർത്ഥികളും നിർബ്ബന്ധമായും വായിച്ചു മനസ്സിലാക്കി

യിരിക്കേണ്ടതാണ്. ഈ പെരുമാറ്റച്ചട്ടങ്ങൾ പാലിച്ചുകൊള്ളാമെന്ന് ഓരോ വിദ്യാർത്ഥിയും അഡ്മിഷൻ സമയത്ത് ഒരു സത്യവാങ്മൂലം ഒപ്പിട്ട് നൽകേണ്ട താണ്.

- ഏതെങ്കിലും വിദ്യാർത്ഥിയുടെ സ്വഭാവമോ പെരുമാറ്റരീതിയോ ഉചിതമല്ലായെന്ന് കാണുന്ന സാഹചര്യത്തിൽ ആ വിദ്യാർത്ഥിയെ സ്ഥാപനത്തിൽനിന്ന് പുറത്താ ക്കാൻ ഐ ഐ എം സിക്ക് എല്ലാ അധികാരവും ഉണ്ടായിരിക്കുന്നതാണ്.
- പി ജി ഡിപ്ലോമ പൂർണ്ണസമയകോഴ്സ് ആയതിനാൽ ടി കോഴ്സിൽ പ്രവേശനം നേടിയതിനുശേഷം മറ്റ് മുഴുവൻ സമയ/പകുതി സമയ ജോലികളിൽ ഏർപ്പെടാൻ വിദ്യാർത്ഥികൾക്ക് അനുവാദം നൽകുന്നതല്ല. **അങ്ങനെയുള്ള സംഭവങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ആ വിദ്യാർത്ഥിയെ സ്ഥാപനത്തിൽനിന്നും പുറത്താക്കാനുള്ള അധികാരം ഐ ഐ എം സിക്ക് ഉണ്ടായിരിക്കും. വിദ്യാർത്ഥികളുടെ പരാധീനതകളും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനും പരി ഹരിക്കുന്നതിനും വേണ്ടി പരാതി പരിഹാര സമിതി പ്രവർത്തിക്കുന്നുണ്ട്.**

## സീറോ റ്റോളറൻസ്

ലൈംഗിക പീഡനങ്ങൾ, എസ് സി/എസ് ടി വിഭാഗങ്ങൾക്ക് എതിരെയുള്ള അക്ര മങ്ങൾ എന്നിവ ഐ ഐ എം സിയിൽ ഒരു കാരണവശാലും അനുവദിക്കില്ല. അത്തരം സംഭവങ്ങളിൽ കർശനനടപടി സ്വീകരിക്കാനായി ആഭ്യന്തരപരാതികമ്മിറ്റി (ഇന്റേണൽ കംപ്ലെയിൻസ് കമ്മിറ്റി)യും എസ് സി/എസ് ടി സെല്ലും സ്ഥാപനത്തിൽ പ്രവർത്തിച്ചുവ രുന്നു.

## ഐഡന്റിറ്റി കാർഡ്

എൻട്രോൾമെന്റ് കഴിഞ്ഞ ഉടൻതന്നെ വിദ്യാർത്ഥികൾക്ക് ഐഡന്റിറ്റികാർഡ് നൽകുന്നതാണ്. കോഴ്സ് കഴിഞ്ഞാൽ ഐഡന്റിറ്റി കാർഡ് തിരികെ നൽകേണ്ടതാണ്. ഇത് നഷ്ടപ്പെടുകയോ നശിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ 100 രൂപ പിഴയട ച്ചാൽ പുതിയ കാർഡ് നൽകുന്നതാണ്.

**പ്ലേസ്മെന്റ്/ഇന്റേൺഷിപ്പ്**

എല്ലാ അക്കാദമിക് സെഷന്റേയും ഒടുവിൽ ഐ ഐ എം സി ഒരുക്കുന്ന രണ്ടാഴ്ച്ചക്കാലത്തെ പ്ലേസ്മെന്റ്/ ഇന്റേൺഷിപ്പ് ദ്വൈവാരപരിപാടി ഉണ്ടായിരിക്കുന്നതാണ്. ഇതുവഴി മാധ്യമപ്രവർത്തനരംഗത്തെ മികച്ച സ്ഥാപനങ്ങളുമായി ഇടപെടുന്നതിന് ബന്ധപ്പെടുന്നതിന് വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നു. എന്നാൽ പ്ലേസ്മെന്റ് സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് യാതൊരുവിധ വാഗ്ദാനങ്ങളും നൽകുന്നതല്ല.

**ലൈബ്രറി**

ബഹുജനആശയവിനിമയവുമായി (മാസ് കമ്മ്യൂണിക്കേഷൻ) ബന്ധപ്പെട്ട രാജ്യത്തെ ഏറ്റവും വലിയ ലൈബ്രറിയാണ് ഐ ഐ എം സി യിലേത്. മാസ് കമ്മ്യൂണിക്കേഷന്റേയും അനുബന്ധവിഷയങ്ങളുടേയും വിവിധ വശങ്ങൾ പ്രതിപാദിക്കുന്ന 3000 ത്തിലധികം പുസ്തകങ്ങളും ജേണലുകളും ഇവിടുത്തെ ശേഖരത്തിലുണ്ട്. പൂർണ്ണമായും കംപ്യൂട്ടർവത്കരിച്ച ഈ ലൈബ്രറിയിലെ സേവനമടക്കം എല്ലാ പ്രവർത്തനങ്ങളും തികച്ചും യന്ത്രവത്കൃതമാണ്. വിദ്യാർത്ഥികൾക്കും ഫാക്കൽറ്റി അംഗങ്ങൾക്കും ഓൺലൈൻ ജേർണലുകൾ, ഓൺലൈൻ പബ്ലിക് അക്സസ് കാറ്റലോഗ് (ഒ പി എ സി) എന്നിവ ലഭ്യമാണ്. മൾട്ടിമീഡിയ, റഫറൻസ്, ഗവേഷണവിഭാഗം തുടങ്ങിയവയുടെ ഒരു സംഗമം തന്നെ വിദ്യാർത്ഥികൾ, ഫാക്കൽറ്റി അംഗങ്ങൾ, ഗവേഷകർ എന്നിവർക്കായി ഇവിടെ ഒരുക്കിയിരിക്കുന്നു. പൊതു അവധി ദിവസങ്ങൾ, ഒഴികെയുള്ള ദിവസങ്ങളിൽ തിങ്കൾ മുതൽ ശനി വരെ രാവിലെ 9 മണി മുതൽ രാത്രി 7 മണി വരെ ലൈബ്രറി തുറന്നു പ്രവർത്തിക്കുന്നു. ലൈബ്രറിയുമായി ബന്ധപ്പെട്ട് യാതൊരു ബാദ്ധ്യതയുമില്ലാതിരിക്കുന്ന പക്ഷം, ഓരോ വിദ്യാർത്ഥിക്കും 5000 രൂപയുടെ ലൈബ്രറി സെക്യൂരിറ്റി ഡിപ്പോസിറ്റ് ഉണ്ടായിരിക്കണം. ഒരു വിദ്യാർത്ഥിക്ക് ഒരു പ്രാവശ്യം/തവണ ഒരാഴ്ച്ച കാലയളവിലേക്കായി രണ്ടു പുസ്തകങ്ങൾ നൽകുന്നതാണ്. ലൈബ്രറി പുസ്തകങ്ങൾ നഷ്ടപ്പെടുത്തുന്ന വിദ്യാർത്ഥികൾ അവ പകരംവാങ്ങി നൽകുകയോ, അതിന്റെ തുല്യവിലയ്ക്കുള്ള പണം നൽകുകയോ ചെയ്യേണ്ടതാണ്. കോഴ്സ് പൂർത്തിയായതിനുശേഷം ലൈബ്രറിയിൽ നിന്നും ബാധ്യതാരഹിത സർട്ടിഫിക്കറ്റ് (നോ ഡ്യൂസ് സർട്ടിഫിക്കറ്റ്) വാങ്ങി നൽകുന്നപക്ഷം വിദ്യാർത്ഥികൾക്ക് അവരുടെ ലൈബ്രറി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 5000 രൂപ മടക്കി നൽകുന്നതാണ്. കോഴ്സ് പൂർത്തിയായി മൂന്ന് വർഷ

ത്തിനുള്ളിൽ മാത്രമേ തുക റീഫണ്ടിനായി വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുവാൻ അവകാശമുണ്ടായിരിക്കുകയുള്ളൂ.

**ഉപകരണങ്ങളും അനുബന്ധ സൗകര്യങ്ങളും**

കമ്യൂണിക്കേഷനിലെ വിവിധ ശാഖകളുമായി ബന്ധപ്പെട്ട പ്രായോഗിക പരിശീലനത്തിന് ആവശ്യം വേണ്ട എല്ലാ സൗകര്യങ്ങളും ഐ ഐ എം സിയിൽ ലഭ്യമാണ്. വേണ്ടത്ര സജ്ജീകരണങ്ങളോടുകൂടിയ ശബ്ദലേഖന-ടെലിവിഷൻ സ്റ്റുഡിയോകളും മറ്റ് ദൃശ്യ-ശ്രാവ്യ സംവിധാനങ്ങളും ഇവിടുത്തെ പ്രത്യേകതയാണ്.

ടെലിവിഷൻ, വീഡിയോ നിർമ്മാണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളിൽ ഇ എൻ ജി ക്യാമറകൾ, മൾട്ടി ക്യാമറ സ്റ്റുഡിയോ സംവിധാനം, സിങ്കിങ്ങ് (സമന്വയം), സ്പെഷ്യൽ ഇഫക്ട്സ് നിർമ്മാണ ജനറേറ്ററുകളോട് കൂടിയ ക്യാമറ കൺട്രോൾ യൂണിറ്റുകൾ, എഡിറ്റിങ് കൺസോളുകൾ എന്നിവ ഉൾപ്പെടുന്നു. ടെലിവിഷൻ സ്റ്റുഡിയോയിൽ മികച്ച ലൈറ്റിങ് സൗകര്യവും ലഭ്യമാണ്. ഫൈനൽ കട്ട് പ്രോ (എഫ് സി പി) ഉൾപ്പെടെയുള്ള സോഫ്റ്റുവെയറുകളുടെ സഹായത്തോടെ ഡിജിറ്റൽ നോൺലീനിയർ വീഡിയോ എഡിറ്റിങ്ങും ഡിജിറ്റൽ സൗണ്ട് റെക്കോർഡിങ്ങും എഡിറ്റിങ്ങും ഉൾപ്പെടെയുള്ള സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്.

വിവിധ തരത്തിലുള്ള ഫോട്ടോഗ്രഫി അസൈൻമെന്റുകൾ പൂർത്തീകരിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതരത്തിൽ രണ്ട് ഡസനിലധികം ഡി എസ് എൽ ആർ ക്യാമറകൾ ഉൾപ്പെടെയുള്ള വിപുലമായ സൗകര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. എല്ലാ ക്ലാസ് മുറികളിലും പ്രൊജക്ടറുകളും മറ്റ് ഡിജിറ്റൽ അദ്ധ്യാപന സഹായികളും സ്ഥാപിച്ചിരിക്കുന്നു. കമ്യൂണിക്കേഷൻ രംഗത്തെ അനുദിന വികസനങ്ങളോട് (പ്രത്യേകിച്ച് കംപ്യൂട്ടർ അടിസ്ഥാന എഡിറ്റിങ്ങ് /പബ്ലിഷിംഗ് മേഖലയോട്) കിടപിടിക്കാൻ, ഇൻസ്റ്റിറ്റ്യൂട്ടിൽ വിപുലമായ രീതിയിൽ കംപ്യൂട്ടർ ലാബുകൾ, മൾട്ടിമീഡിയ സംവിധാനങ്ങൾ, വീഡിയോ എഡിറ്റിങ്ങ് ഉപകരണങ്ങൾ, ക്ലിപ്പ് വീഡിയോ ക്യാമറകൾ, വോയ്സ് റെക്കാർഡറുകൾ തുടങ്ങിയവ ഒരുക്കിയിരിക്കുന്നു.

അഡോബ് പേജ്മേക്കർ, ക്വാർക്ക് എക്സ്പ്രസ്സ്, അഡോബ് ഫോട്ടോഷോപ്പ്, കോറൽ ഡ്രോ, മാക്രോമീഡിയ ഡയറക്ടർ, കൂൾ എഡിറ്റ് പ്രോ, ന്യൂസ്റാപ്പ്, അഡോബ് ഇൻഡി

സൈൻ തുടങ്ങിയ സോഫ്റ്റ് വെയർ പാക്കേജുകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു.

ഐ ഐ എം സി ക്യാമ്പസുകളിൽ വൈഫൈ സൗകര്യവും ലഭ്യമാണ്.

**ഐ ഐ എം സി പ്രസിദ്ധീകരണങ്ങൾ**

**എ) ജേണലുകൾ**

കമ്മ്യൂണിക്കേറ്റർ (ഇംഗ്ലീഷ്), സഞ്ചാർമാധ്യം (ഹിന്ദി) എന്നീ രണ്ടു ത്രൈമാസ ഗവേഷണ ജേണലുകൾ ഐ ഐ എം സി പ്രസിദ്ധീകരിക്കുന്നുണ്ട്.

**ബി) പുസ്തകങ്ങൾ**

ഗവേഷക സമാഹാരങ്ങൾ, വാർത്താക്കുറിപ്പുകൾ, എഡിറ്റഡ് വാല്യങ്ങൾ എന്നിവ ക്കുപുറമേ മാസ് കമ്മ്യൂണിക്കേഷനുമായി ബന്ധപ്പെട്ട് ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള നിരവധി പുസ്തകങ്ങളും ഐ ഐ എം സി പ്രസിദ്ധീകരിച്ചുവരുന്നു.

**പ്രസ്സ്**

ഐ ഐ എം സിയുടെ ഡൽഹി ക്യാമ്പസിൽ ഓഫ്സെറ്റ്, സ്ക്രീൻ പ്രിന്റിങ് തുട ങ്ങിയ സൗകര്യങ്ങളോടുകൂടിയ പ്രിന്റിങ് പ്രസ്സ് പ്രവർത്തിക്കുന്നു.

**സാംസ്കാരിക പ്രവർത്തനങ്ങൾ**

റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യദിനം എന്നി ദേശീയദിനങ്ങൾക്കു പുറമെ സ്ഥാപകദി നം, ദേശീയ മാധ്യമദിനം, ദേശീയ യുവജനദിനം, അദ്ധ്യാപകദിനം, അന്തർദേശീയ വനി താദിനം തുടങ്ങിയ ദിവസങ്ങളിൽ ഐ ഐ എം സിയിൽ വൈവിധ്യങ്ങളായ സാംസ്കാ രിക പരിപാടികൾ സംഘടിപ്പിക്കുന്നു. പ്രഗത്ഭരും പ്രശസ്തരുമായ വിശിഷ്ട വ്യക്തിക ളുടെ പ്രസംഗങ്ങളും ലെക്ച്ചറുകളും ഇത്തരം പരിപാടികൾക്ക് മികവ് പകരുന്നു.

**വെൽനെസ്സ് സെന്റർ**

ഐ ഐ എം സിയുടെ ഡൽഹി ക്യാമ്പസിൽ പ്രവർത്തിച്ചുവരുന്ന വെൽനെസ്സ് സെന്ററിൽ തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ രംഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. കൂടാതെ ഒരു മനശാസ്ത്രജ്ഞന്റെ സേവനവും ഇവിടെ ലഭ്യമാണ്. ഐ ഐ എം

സിയുടെ ധെൻകനാൽ കേന്ദ്രത്തിലും ഡോക്ടർമാർ സന്ദർശനം നടത്തിവരുന്നു. മറ്റു കേന്ദ്രങ്ങളിൽ അടിയന്തരചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.

**യോഗ**

ആരോഗ്യമുള്ള ശരീരവും ആരോഗ്യമുള്ള മനസ്സും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഐ ഐ എം സിയിൽ സ്ഥിരമായി യോഗ പരിശീലനം നടത്തിവരുന്നു.

**ഹോസ്റ്റൽ സൗകര്യങ്ങൾ**

അകലെയുള്ള സ്ഥലങ്ങളിൽ നിന്നുള്ള പെൺകുട്ടികൾക്ക് മാത്രമായി ഡൽഹി ക്യാമ്പസിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. ധെൻകനാൽ കേന്ദ്രത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേക ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. അമരാവതി, ജമ്മു, കോട്ടയം എന്നിവിടങ്ങളിൽ ഹോസ്റ്റൽ സൗകര്യം പരിമിതമാണ്. ഐസ്വാൾ കേന്ദ്രത്തിൽ വിദ്യാർത്ഥികൾ ആവശ്യപ്പെടുന്ന പക്ഷം ഹോസ്റ്റൽ സൗകര്യം നൽകിവരുന്നു. ഡൽഹി ക്യാമ്പസിൽ നിലവിലുള്ള നിയമങ്ങളുടെയും മുറികളുടെ ലഭ്യതയുടേയും അടിസ്ഥാനത്തിൽ പുറത്തുനിന്നുള്ള ആൺകുട്ടികൾക്കായി ഹോസ്റ്റൽ സൗകര്യം നൽകാറുണ്ട്.

**ഭക്ഷണശാലയും കാന്റീനും**

ഐ ഐ എം സി ഹോസ്റ്റലുകളിലെ താമസക്കാർക്കായി കുറഞ്ഞ നിരക്കിൽ ഭക്ഷണം നൽകുന്ന മെസ്സ് സൗകര്യം ലഭ്യമാണ്. കുറഞ്ഞ നിരക്കിൽ ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യുന്ന കാന്റീൻ ഡൽഹി ക്യാമ്പസിൽ എല്ലാ പ്രവൃത്തിദിനങ്ങളിലും പ്രവർത്തിച്ചുവരുന്നു.

**സ്പോർട്ട്സ് സൗകര്യങ്ങൾ**

ലോൺ ടെന്നിസ്, ബാഡ്മിന്റൻ, വോളിബോൾ എന്നിവയ്ക്കായി മികച്ച സൗകര്യങ്ങളോടുകൂടിയ കോർട്ടുകൾ ഡൽഹി കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ ടേബിൾ ടെന്നിസ് കളിക്കാനുള്ള സൗകര്യവും ഇവിടെ ലഭ്യമാണ്. ധെൻകനാൻ കേന്ദ്രത്തിൽ ബാഡ്മിന്റൻ, ടേബിൾ ടെന്നിസ് എന്നിവയ്ക്കുള്ള സൗകര്യങ്ങളുമുണ്ട്.

**ബാങ്കും എ റ്റി എമ്മും**

ഡൽഹി കാമ്പസ് വളപ്പിനുള്ളിൽ തന്നെ ബാങ്ക് /എ റ്റി എം സേവനങ്ങൾ ലഭ്യമാണ്.

**മറ്റ് സൗകര്യങ്ങൾ**

നാനൂറിലധികം ഇരിപ്പിടങ്ങളോടുകൂടിയ 'മഹാത്മാഗാന്ധി മൻച് ആഡിറ്റോറിയം, നൂറുപേർക്കിരിക്കാവുന്ന ലോകമാന്യ ബാൽഗംഗാധര തിലക് മിനി ആഡിറ്റോറിയം, മേഘ്ദൂത് ആംഫിതിയേറ്റർ സെമിനാർ ഹാളുകൾ, കോൺഫറൻസ് റൂമുകൾ തുടങ്ങിയ സൗകര്യങ്ങൾ ഐ ഐ എം സി ഡൽഹി കേന്ദ്രത്തിൽ ലഭ്യമാണ്, ഒപ്പം മനോഹരമായ പാർക്കുകളും പുൽത്തകിടികളും സ്വാമി വിവേകാനന്ദൻ മെമ്മോറിയൽ റോക്കിന് ചുറ്റുമുള്ള പാർക്ക്, ഒഴിവ് സമയങ്ങളിൽ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള ഇടമായി പ്രത്യേകമായി വികസിപ്പിച്ചെടുത്തിട്ടുണ്ട്.

**റെയിൽ വ്യോമ ഗതാഗത ആനുകൂല്യങ്ങൾ**

ഒഴിവുകാലങ്ങളിൽ നാട്ടിലേക്കും തിരിച്ചുമുള്ള യാത്രകളിൽ വിദ്യാർത്ഥികൾക്ക് നിർദ്ദിഷ്ട നിയമങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമായ റെയിൽ-വ്യോമഗതാഗത ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

**ഇൻഡസ്ട്രി ഇടപെടലും പൂർവ്വവിദ്യാർത്ഥികളും**

സ്ഥാപനം നിലവിൽ വന്ന അഞ്ച് പതിറ്റാണ്ട് കാലമായി ശക്തമായ ഇൻഡസ്ട്രി ഇടപെടലുകളാണ് ഐ ഐ എം സി നടത്തിവരുന്നത്. ഇവിടെ നിന്നും പഠിച്ചിറങ്ങിയ അനവധി വിദ്യാർത്ഥികൾ ഇന്ന് മാധ്യമ-സർക്കാർ-കോർപ്പറേറ്റ് -എൻ ജി ഒ മേഖലകളിൽ നേതൃസ്ഥാനങ്ങൾ വഹിക്കുന്നു. ഐ ഐ എം സിയിൽ ഒരു അലുമ്നി സെൽ പ്രവർത്തിച്ചുവരുന്നു.

**ഹരിത ഐ ഐ എം സി, ശുചിത്വ ഐ ഐ എം സി**

ആരവല്ലി കുന്നുകളുടെ മടിത്തട്ടിൽ പറ്റികിടക്കുന്ന ഐ ഐ എം സി ഡൽഹി ക്യാമ്പസ്, തികച്ചും ഹരിതഭംഗിയാർന്നതും ആരോഗ്യവും സമാധാനവുമുള്ള അന്തരീക്ഷം പ്രദാനം ചെയ്യുന്നതുമാണ്. ഹരിതമേലാപ്പ് സംരക്ഷിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്ന സംരംഭങ്ങൾ ഇവിടെ സ്ഥിരമായി നടത്തിവരുന്നു. പാനിയോഫല (ഒഡിയ ഭാഷയിൽ തൂങ്ങി കിട

ക്കുന്ന വെള്ളം എന്ന് അർത്ഥം) താഴ്‌വാരത്തിൽ സ്ഥിതിചെയ്യുന്ന ധെൻകനാൽ ക്യാമ്പസും പരിസരവും കണ്ണിന് കുളിർമ്മയുള്ള കാഴ്ചകളാണ് സമ്മാനിക്കുന്നത്.

**പുകവലി നിരോധിതമേഖല**

ഐ ഐ എം സി കാമ്പസ് പരിസരം പുകവലി നിരോധിതമേഖലയാണ്. മദ്യം/മയക്കുമരുന്ന്/ലഹരിവസ്തുക്കൾ എന്നിവയുടെ ഉപയോഗം ഇവിടെ കർശനമായി നിരോധിച്ചിരിക്കുന്നു. ഇവയുടെ ലംഘനം നിയമം അനുസരിച്ച് ശിക്ഷാർഹമായ കുറ്റമാണ്.

**പ്രവൃത്തിസമയങ്ങൾ**

തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9.30 മുതൽ വൈകിട്ട് 6.00 മണി വരെയാണ് ഡൽഹി ക്യാമ്പസിന്റെ പ്രവർത്തനസമയം. കേന്ദ്രസർക്കാർ ഡൽഹിയിൽ അനുവദിച്ചിട്ടുള്ള എല്ലാ പൊതുഅവധി ദിനങ്ങളും ക്യാമ്പസിനും ബാധകമാണ്. നിയമം അനുസരിച്ച് ഡൽഹി കലണ്ടർ തന്നെയാണ് ഐ ഐ എം സിയുടെ പ്രാദേശിക കേന്ദ്രങ്ങളും പിന്തുടർന്ന് പോരുന്നത്. എന്നാൽ ബന്ധപ്പെട്ട ക്യാമ്പസുകൾക്ക് ഡൽഹിയിൽനിന്നുള്ള മുൻകൂർ അനുമതിയോടെ പ്രവൃത്തിസമയം അവധിദിനങ്ങൾ എന്നിവയുടെ കാര്യത്തിൽ ചില ഭേദഗതികൾ വരുത്താവുന്നതാണ്.

**പ്രധാന തീയതികൾ**

| | |
|---|---|
| അപേക്ഷാ ഫോമിന്റെ വിൽപ്പന ആരംഭിക്കുന്നത് | മാർച്ച് 20, 2018 |
| അപേക്ഷാഫോമിന്റെ വിൽപ്പന അവസാനിക്കുന്നത് | മെയ് 1, 2018 |
| പൂരിപ്പിച്ച അപേക്ഷാഫോമുകൾ സ്വീകരിക്കുന്ന അവസാന തീയതി | മെയ് 1, 2018 |
| എല്ലാ കോഴ്സുകളിലേക്കുമുള്ള പ്രവേശന പരീക്ഷ (ഉറുദു, ഒഡിയ, മറാത്തി, മലയാളം എന്നിവ ഒഴികെ) | മെയ് 27, 2018 |

| | |
|---|---|
| ജേർണലിസം പ്രവേശന പരീക്ഷ (ഉറുദു, ഒഡിയ, മറാത്തി, മലയാളം) | മെയ് 26, 2018 |
| പ്രവേശനപരീക്ഷയുടെ ഫലപ്രഖ്യാപനം | ജൂൺ രണ്ടാംവാരം/ജൂൺ മൂന്നാം വാരം 2018 |
| അഭിമുഖ തീയതികൾ | ജൂൺ അവസാനവാരം/ജൂലൈ ആദ്യവാരം 2018 |
| അന്തിമ തെരഞ്ഞെടുക്കൽ പ്രഖ്യാപനം | ജൂലൈ രണ്ടാംവാരം/ജൂലൈ മൂന്നാം വാരം 2018 |
| ഫീസിന്റെ ആദ്യഗഡു നൽകുവാനുള്ള അവസാന തീയതി | ജൂലൈ മൂന്നാംവാരം 2018 |
| *ഗ്രാജുവേഷൻ/ബിരുദ മാർക്ക്ഷീറ്റ് സമർപ്പിക്കുന്നതിനുള്ള അവസാനതീയതി. ഇതിന് സാധിക്കാത്തപക്ഷം താത്കാലിക പ്രവേശനം റദ്ദാകുന്നതാണ് | ആഗസ്റ്റ് 31, 2018 |
| ക്ലാസ്സുകൾ ആരംഭിക്കുന്നത് | ജൂലൈ അവസാനവാരം/ആഗസ്റ്റ് ആദ്യ വാരം 2018 |

** അവസാനവർഷം ബിരുദപരീക്ഷ എഴുതുന്നവരും എന്നാൽ ഫലപ്രഖ്യാപനം നടക്കാത്തവരുമായ അപേക്ഷകർക്ക് മാത്രം ഇത് ബാധകം.*

**അറിയിപ്പ്:** അറിയിപ്പിൽ നൽകിയിരിക്കുന്ന തീയതികളിൽ തന്നെ ഐ ഐ എം സി അപേക്ഷാഫോമുകൾ വിൽക്കുന്നതും/സ്വീകരിക്കുന്നതുമാണ്. അപ്രതീക്ഷിതമായി ഈ ദിവസങ്ങളിൽ പൊതു അവധി പ്രഖ്യാപിക്കപ്പെടുന്നപക്ഷം, തൊട്ടടുത്ത പ്രവൃത്തിദിനമായിരിക്കും അവസാനദിവസം.

**പ്രവേശന നടപടിക്രമം**

1. എഴുത്തുപരീക്ഷയും തുടർന്നുള്ള അഭിമുഖം/ഗ്രൂപ്പ് ചർച്ച എന്നിവയുടെയും അടിസ്ഥാനത്തിലാണ് എല്ലാ കോഴ്സിലേക്കും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഇംഗ്ലീഷ്/ഹിന്ദി ജേർണലിസം കോഴ്സിലേക്ക് ഒരേ ചോദ്യപേപ്പറോടുകൂടിയ

പൊതു പ്രവേശന പരീക്ഷയാകും നടത്തുക. ഇവയിൽ ബന്ധപ്പെട്ട ഭാഷയിൽ അപേക്ഷകർക്ക് പരീക്ഷ എഴുതാവുന്നതാണ്. കൂടാതെ ഉറുദു/ഒഡിയ/മറാത്തി/മല യാളം ജേർണലിസം എന്നിവയിൽ ഏതെങ്കിലും ഒരു കോഴ്സിനുംകൂടി വിദ്യാർത്ഥി കൾക്ക് പ്രവേശന പരീക്ഷ എഴുതാവുന്നതാണ്. റേഡിയോ ആൻഡ് ടെലിവിഷൻ ജേർണലിസം, അഡ്വർടൈസിങ് ആൻഡ് പബ്ലിക് റിലേഷൻസ് എന്നീ കോഴ്സു കൾക്ക് പ്രത്യേക പരീക്ഷയും പ്രത്യേക ചോദ്യപേപ്പറും ഉണ്ടായിരിക്കുന്നതാണ്.

2. എൻട്രൻസ് പരീക്ഷ, അഭിമുഖം/ഗ്രൂപ്പ് ചർച്ച എന്നിവയുടെ സ്കോർ 75:25 എന്ന അനുപാതത്തിലായിരിക്കും അന്തിമഘട്ടത്തിൽ പരിഗണിക്കുക.

3. താഴെ സൂചിപ്പിച്ചിരിക്കുന്ന സവിശേഷതകളുടെ/അളവുകോലുകളുടെ അടിസ്ഥാന ത്തിലാകും അപേക്ഷകരെ വിലയിരുത്തുക.

**എ) ജേർണലിസം കോഴ്സ്**

i) പൊതു അവബോധം-സാമൂഹിക ചലനാത്മകത, സാമൂഹിക-സാംസ്കാരിക ചരിത്രം, നിയമവും ഭരണഘടനാവ്യവസ്ഥകളും, പൗരന്മാരുടെ അവകാശ ങ്ങൾ, വികസനപ്രശ്നങ്ങൾ (പ്രത്യേകിച്ച് ആരോഗ്യം, വിദ്യാഭ്യാസം, പരി സ്ഥിതി, സമ്പദ്വ്യവസ്ഥ എന്നീ മേഖലകളിൽ) അന്തർദേശീയ വികസനവും അവയ്ക്ക് ഇന്ത്യക്കുമേലുള്ള സ്വാധീനവും എന്നീ വിഷയങ്ങളിലുള്ള അറിവ്.

ii) അഭിരുചിയും മാനസികശേഷിയും

iii) ഭാഷാ പ്രാവീണ്യം-വാക്കിലും എഴുത്തിലുമുള്ള കഴിവുകൾ ഉൾപ്പെടെ.

iv) വിശകലന-ഗ്രഹണശേഷി

v) സാമൂഹിക പ്രശ്നങ്ങളോടുള്ള സംവേദനക്ഷമത

vi) നീതിശാസ്ത്രവും മൂല്യങ്ങളും

**ബി) അഡ്വർടൈസിങ് ആൻഡ് പബ്ലിക് റിലേഷൻസ്**

i) വികസനം, പൊതുപ്രശ്നങ്ങൾ എന്നിവയെ സംബന്ധിച്ച പൊതു അവബോ ധം

ii) അഭിരുചിയും മാനസികശേഷിയും

iii) ഭാഷാ പ്രാവീണ്യം

iv) വിശകലന ശേഷിഗ്രഹണശക്തികൾ

v) ബ്രാൻഡ് അവബോധവും അവ ഓർമ്മിക്കാനുള്ള കഴിവും.

vi) സാമൂഹികബോധം

vii) ബൗദ്ധികവും ചിന്താപരവുമായ കഴിവുകൾ

4. ഇന്ത്യയൊട്ടാകെയുള്ള എൻട്രൻസ് പരീക്ഷാ കേന്ദ്രങ്ങൾ – ന്യൂഡൽഹി, അഹമ്മദാബാദ് (ഗുജറാത്ത്), ഐസ്വാൾ (മിസോറാം), ധെൻകനാൽ (ഒഡിഷ), ബാംഗ്ലൂർ (കർണ്ണാടക), ഭോപ്പാൽ (മധ്യപ്രദേശ്), ചെന്നൈ (തമിഴ്നാട്), ഗുവാഹത്തി (ആസാം), ജമ്മു ആൻഡ് ശ്രീനഗർ (ജമ്മു കാശ്മീർ), ഹൈദരാബാദ് (ആന്ധ്രാപ്രദേശ് & തെലങ്കാന), കൊൽക്കത്ത (വെസ്റ്റ് ബംഗാൾ), കോട്ടയം (കേരളം), ലക്ക്നൗ (ഉത്തർപ്രദേശ്), മുംബൈ, അമരാവതി (മഹാരാഷ്ട്രാ), പാട്ന (ബീഹാർ), റാഞ്ചി (ജാർഖണ്ഡ്), റായ്പൂർ (ചത്തീഡ്ഗഡ്), ഡെറാഡൂൺ (ഉത്തരാഖണ്ഡ്). മറ്റുവിഷയങ്ങൾക്കുള്ള എൻട്രൻസ് പരീക്ഷ ഇനി പറയുന്ന സ്ഥലങ്ങളിൽ വച്ച് നടത്തുന്നതായിരിക്കും. ഒഡിയ ജേർണലിസം – ധെൻ കനാൽ, മറാത്തി ജേർണലിസം – മുംബൈ, അമരാവതി, മലയാളം ജേർണലിസം –കോട്ടയം, ഉറുദു ജേർണലിസം – ന്യൂഡൽഹി/ ഭോപ്പാൽ / ജമ്മു / ഹൈദരാബാദ്/ പാട്ന /ലക്ക്നൗ /മുംബൈ /ശ്രീനഗർ.

5. അപേക്ഷകർക്ക് അവരവരുടെ സൗകര്യാർത്ഥം പരീക്ഷാകേന്ദ്രങ്ങൾ നിർദ്ദേശിക്കാമെങ്കിലും സെന്റർ അനുവദിക്കുന്നതിനുള്ള പൂർണ്ണ അധികാരം ഐ ഐ എം സിയിൽ നിക്ഷിപ്തമാണ്. ഐ ഐ എം സി നിർദ്ദേശിക്കുന്ന പരീക്ഷാകേന്ദ്രങ്ങളിൽ അപേക്ഷകർ സ്വന്തം ചെലവിൽ എത്തി പരീക്ഷ എഴുതേണ്ടതാണ്.

6. ഒരിക്കൽ അനുവദിച്ച പരീക്ഷാകേന്ദ്രം ഒരു കാരണവശാലും മാറ്റിനൽകുന്നതല്ല.

7. പി ജി ഡിപ്ലോമ കോഴ്സുകളിലേക്കുള്ള പ്രവേശനപരീക്ഷയിൽ യോഗ്യത നേടുന്ന വിദ്യാർത്ഥികളെ അഭിമുഖം/ഗ്രൂപ്പ് ചർച്ച എന്നിവയ്ക്കായി ക്ഷണിക്കുന്നതാണ്. 2018 ജൂൺ അവസാനം അല്ലെങ്കിൽ ജൂലൈ ആദ്യവാരം ഡൽഹിയിൽവച്ച് നടക്കുന്ന അഭിമുഖം/ഗ്രൂപ്പ് ചർച്ച എന്നിവയിൽ വിദ്യാർത്ഥികൾ സ്വന്തം ചെലവിൽ

പങ്കെടുക്കേണ്ടതാണ്. ഉറുദു, ഒഡിയ, മറാത്തി, മലയാളം എന്നീ കോഴ്സുകൾക്കുള്ള ഇന്റർവ്യൂ യഥാക്രമം ഡൽഹി, ധെൻകനാൽ, അമരാവതി, കോട്ടയം എന്നിവിടങ്ങളിൽ വച്ച് നടക്കുന്നതാണ്.

8. അഭിമുഖം/ഗ്രൂപ്പ്ചർച്ച എന്നിവയ്ക്കായി എത്തുന്ന വിദ്യാർത്ഥികൾ തങ്ങൾ മുമ്പ് ചെയ്തിട്ടുള്ള സൃഷ്ടികൾ അടങ്ങുന്ന പോർട്ട്ഫോളിയോ കൂടി ഒപ്പം കരുതുന്നത് നന്നായിരിക്കും. എന്നാൽ ഇത് നിർബന്ധമല്ല.

9. എഴുത്ത്പരീക്ഷ, അഭിമുഖം/ഗ്രൂപ്പ് ചർച്ച എന്നിവയിൽ ആകെ മാർക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ കോഴ്സിലേക്കും താത്കാലികമായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ പേരടങ്ങുന്ന പട്ടിക പ്രസിദ്ധപ്പെടുത്തുന്നതാണ്.

**അപേക്ഷാഫോറം പൂരിപ്പിക്കുന്നവിധം**

1. വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതോ (പണം ഉൾപ്പെടെ ഓൺലൈനായി അടച്ച്) അല്ലെങ്കിൽ അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത പൂരിപ്പിച്ചശേഷം അപേക്ഷാഫീസിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് ഉൾപ്പെടെ സൂചിക 20 ൽ പറഞ്ഞിരിക്കുന്ന വിലാസത്തിലേക്ക് തപാൽ മാർഗ്ഗം അയച്ചുതരാവുന്നതോ ആണ്.

2. അപേക്ഷകർ അവരവരുടെ കൈയ്യക്ഷരത്തിൽതന്നെ അപേക്ഷാഫോറം പൂരിപ്പിക്കേണ്ടതാണ്.

3. ഒരേ ചോദ്യപേപ്പർ അടിസ്ഥാനമാക്കിയുള്ള പൊതുപ്രവേശനപരീക്ഷ ആയതിനാൽ ഇംഗ്ലീഷ് ജേർണലിസം, ഹിന്ദി ജേർണലിസം എന്നിവയ്ക്ക് ഒരു അപേക്ഷാഫോം മതിയാകും.

4. അതുപോലെ ഉറുദു/ഒഡിയ/മറാത്തി/മലയാളം ജേണലിസം എന്നിവയിൽ ഏതെങ്കിലും ഒരു കോഴ്സിലേക്കായി ഒരു അപേക്ഷാഫോം സമർപ്പിക്കാവുന്നതാണ്. മേൽ സൂചിപ്പിച്ചകോഴ്സുകൾക്കുള്ള എഴുത്തുപരീക്ഷകൾ ഒരേ സമയത്ത് നടത്തുന്നതാണ്.

5. ഓരോ കോഴ്സിനും പ്രത്യേകം അപേക്ഷാഫോമുകളുണ്ടായിരിക്കുന്നതാണ്. ആയതിനാൽ അപേക്ഷാഫോറം പൂരിപ്പിക്കുന്നതിന് മുമ്പ് അപേക്ഷകർ അത് തങ്ങൾ

ഉദ്ദേശിക്കുന്ന വിഷയത്തിന് ഉള്ളതാണോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

6. നിർദ്ദേശങ്ങൾ പൂർണ്ണമായി വായിച്ചു മനസ്സിലാക്കിയതിനുശേഷം മാത്രം അപേക്ഷാഫോം പൂരിപ്പിച്ചുതുടങ്ങുക.

7. പെൻസിൽ ഉപയോഗിച്ച് അപേക്ഷാഫോം പൂരിപ്പിക്കരുത്. **കറുത്ത മഷി മാത്രം ഉപയോഗിക്കുക.**

8. അപേക്ഷാഫോമിൽ നിങ്ങളുടെ ഏറ്റവും പുതിയ പാസ്പോർട്ട് സൈസ് ഫോട്ടോ (നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ സാക്ഷ്യപ്പെടുത്തിയത്) ഒട്ടിക്കുക.

9. അപേക്ഷഫോമിൽ ഡാഷുകൾ (-), കുത്തുകൾ (....) എന്നിവ ഉപയോഗിക്കരുത്. അപേക്ഷാഫോമിലെ ഏതെങ്കിലും ചോദ്യം നിങ്ങൾക്ക് ഉത്തരം നൽകേണ്ടതല്ലെങ്കിൽ NA/ NIL/ NO എന്നിവ ഉപയോഗിക്കുക, അല്ലാത്തപക്ഷം സൂചകങ്ങളായി (√) മാർക്ക് ഉപയോഗിക്കാവുന്നതാണ്.

10. 1993 ആഗസ്റ്റ് ഒന്നിനോ അതിനുശേഷമോ ജനിച്ച അപേക്ഷകർക്കാണ് പ്രവേശനത്തിന് യോഗ്യത. എന്നിരിക്കിലും എസ് സി/എസ് ടി, ഭിന്നശേഷിയുള്ളവർ എന്നീ വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ 5 വർഷവും ഒ ബി സി വിഭാഗത്തിന് 3 വർഷവും ഇളവ് ലഭിക്കുന്നതാണ്.

11. അപേക്ഷകർ അവ ഉൾപ്പെടുന്ന വിഭാഗം (ഉദാ: പൊതുവിഭാഗം/എസ് സി / എസ് ടി / ഒ ബി സി / ഭിന്നശേഷിക്കാർ എന്നിവ) വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

12. ഇന്ത്യൻ പൗരന്മാർക്ക് മാത്രമാണ് ഐ ഐ എം സി കോഴ്കളിലെ പ്രവേശനത്തിന് അർഹത.

13. അപേക്ഷാഫോമിലെ സ്പെസിമെൻ സിഗ്നേച്ചർ ബോക്സിൽ അപേക്ഷകർ തങ്ങളുടെ കൈയ്യൊപ്പ് രേഖപ്പെടുത്തേണ്ടതാണ്. ഐ ഐ എം സി നൽകുന്ന അഡ്മിറ്റ് കാർഡ് കൈവശം ഉള്ളവരെ മാത്രമേ പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുകയുള്ളൂ.

14. അപേക്ഷാകവറുകൾ തുറക്കുമ്പോൾ ഏതെങ്കിലും രീതിയിലുള്ള കേടുപാടുകൾ സംഭവിക്കാതിരിക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ, അപേക്ഷാകവറുകൾ ഒട്ടിക്കാൻ വളരെ കുറച്ച് പശ മാത്രം ഉപയോഗിക്കുക.

15. നിർദ്ദേശങ്ങൾ മനസ്സിലാക്കി വളരെ ശ്രദ്ധയോടും കൃത്യതയോടുംകൂടി അപേക്ഷാ ഫോറം പൂരിപ്പിക്കുക. അപേക്ഷഫോറം പൂരിപ്പിക്കുക എന്നത് അപേക്ഷാർത്ഥിക ളുടെ വ്യക്തിഗതമായ ചുമതലയാണ്. അപേക്ഷകൻ/അപേക്ഷക മനപൂർവ്വം തെറ്റായ വിവരങ്ങൾ നൽകിയെന്ന് ഏതെങ്കിലും ഘട്ടത്തിൽ ബോധ്യപ്പെട്ടാൽ, പ്രവേശനം നേടിയതിനുശേഷം ആണെങ്കിൽപോലും, പ്രസ്തുത പ്രവേശനം റദ്ദാ ക്കപ്പെടുന്നതാണ്.

16. അപേക്ഷകർ അപേക്ഷാഫോമിലെ എല്ലാ കോളങ്ങളും ശ്രദ്ധയോടെ പൂരിപ്പിക്കുക. പൂർണ്ണമായി പൂരിപ്പിക്കാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

17. തപാൽ കാലതാമസത്തിനോ മാർഗ്ഗമധ്യേയുള്ള കഷ്ടനഷ്ടങ്ങൾക്കോ ഐ ഐ എം സി ഉത്തരവാദിയായിരിക്കില്ല. അതേസമയം, തിരികെ യാതൊരു അറിയിപ്പും ലഭിക്കാത്തപക്ഷം അപേക്ഷകർക്ക് അഡിഷണൽ ഡയറക്ടർ ജനറലിനെ (റ്റി & എ) ബന്ധപ്പെടാവുന്നതാണ്.

18. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയ അപേക്ഷകൾ നിരസിക്കുന്നതാണ്.

19. **അപേക്ഷാഫോം ഡൗൺലോഡ് ചെയ്യുന്നതിനായി വെബ്സൈറ്റിൽ നൽകിയി രിക്കുന്ന നിർദ്ദേശങ്ങൾ അപേക്ഷകർ സ്വയം വായിച്ചു മനസ്സിലാക്കേണ്ടതാണ്. www.iimc.gov.in എന്ന വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് പൂരി പ്പിച്ച അപേക്ഷഫോമും IIMC, New Delhi എന്ന വിലാസത്തിൽ മാറാവുന്ന പ്രവേശനപരീക്ഷാഫീസിന്റെ DD യും (പൊതുവിഭാഗം - Rs. 1500/ (എസ് സി /എസ് ടി / ഒ ബി സി /ഭിന്നശേഷിയുള്ളവർ - Rs. 1000/) സഹിതം 2018 മെയ് ഒന്നിനുമുമ്പ് ലഭിക്കത്തക്കവിധം നേരിട്ടോ തപാലിലോ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൻ/അപേക്ഷകരുടെ പേര് ഡിഡിയുടെ മറുവശത്ത് നിർബ്ബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. അവസാനതീയതിക്കുള്ളിൽ ഡി ഡി സഹിതം അയ യ്ക്കുന്ന അപേക്ഷാഫോമുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. അല്ലാത്തപക്ഷം അപേക്ഷാഫോം നിരസിക്കുന്നതാണ്.**

20. **പൂരിപ്പിച്ച അപേക്ഷകൾ നേരിട്ടോ തപാലിലോ 'ദി അഡീഷണൽ ഡയറക്ടർ ജനറൽ (റ്റി & എ), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ,**

**അരുണ ആസഫ് അലി മാർഗ്, ന്യൂ ഡൽഹി 110067' എന്ന വിലാസത്തിൽ 2018 മെയ് ഒന്നിന് മുമ്പ് ലഭിക്കേണ്ടതാണ്.**

21. ഈ ലഘുരേഖയിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ അപേക്ഷകർക്കുള്ള സൂചകങ്ങളാണ്. മുൻകൂട്ടിയുള്ള അറിയിപ്പ് കൂടാതെ തന്നെ ഇവയിൽ മാറ്റങ്ങൾ വരുത്തിയേക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട ഏതു തർക്കവും ഡൽഹി കോടതിയുടെ നിയമപരിപാലനാധികാരത്തിൻ കീഴിൽ മാത്രം ഉൾപ്പെട്ടിരിക്കുന്നു.

**വില : നേരിട്ടോ/തപാലിലോ പ്രോസ്പെക്റ്റസും അപേക്ഷാഫോമും വാങ്ങുന്നതിന്.**

**ഡിഡി : ഡിമാന്റ് ഡ്രാഫ്റ്റ് Rs. 1500/ പൊതുവിഭാഗത്തിന്**

**ഡിഡി : ഡിമാന്റ് ഡ്രാഫ്റ്റ് Rs. 1000/ എസ് സി/ എസ് ടി/ ഒ ബി സി/ ദിവ്യാംഗർ വിഭാഗത്തിന്**

**പ്രോസ്പെക്റ്റസ് : Rs. 200/ (അപേക്ഷാഫോറം ഒഴികെ)**

**പ്രോസ്പെക്റ്റസും അപേക്ഷാഫോമും ഐ ഐ എം സി വെബ്സൈറ്റിൽ ലഭ്യമാണ്.**

**വെബ്സൈറ്റ് : www.iimc.gov.in**

**ഇ മെയിൽ : iimc1965@gmail.com**

**ഫെയ്സ്ബുക്ക് : https://www.facebook.com//IIMC1965**

**ടിറ്റർ : https://twitter.com//IIMC_India**

**യൂട്യൂബ് : https://www.youtube.com/channelUCmA45kCykBbOLpOG4p71_AA**

---

** ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീകരിച്ച ഐ ഐ എം സി പ്രോസ്പെക്ടസിന്റെ ഏകദേശ പരിഭാഷ.*

| | |
|---|---|
| **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്**<br><br>**മാസ് കമ്യൂണിക്കേഷൻ**<br><br>**ന്യൂഡൽഹി**<br><br>**<u>വിലാസം</u>**<br><br>അരുണ അസഫ് അലി മാർഗ്,<br><br>ജെ എൻ യു ക്യാമ്പസ്<br><br>ന്യൂഡൽഹി 110067<br><br>**ടെലിഫോൺ : 26741073, 26741987, 26741352, 26742920, 26742940, 26742960**<br><br>**ഫാക്സ് : 26742462, 26741268** | **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്**<br><br>**മാസ് കമ്യൂണിക്കേഷൻ**<br><br>**ധെൻകനാൽ, ഓഡിഷ**<br><br>**<u>വിലാസം</u>**<br><br>പി ബി നമ്പർ 21<br><br>സഞ്ചാർ മാർഗ്<br><br>ധെൻകനാൽ<br><br>ഒറീസ്സ 759001<br><br>**ടെലിഫോൺ :06762 – 226194, 226196**<br><br>**ഫാക്സ് : 06762 – 226195, 226197** |
| **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്**<br><br>**മാസ് കമ്യൂണിക്കേഷൻ**<br><br>**ഐസ്വാൾ, മിസോറാം**<br><br>**<u>വിലാസം</u>**<br><br>മിസോറാം യൂണിവേഴ്സിറ്റി ക്യാമ്പസ്<br><br>തൻഹ്രിൽ, പി ബി നമ്പർ 190<br><br>ഐസ്വാൾ, മിസോറാം<br><br>**ടെലിഫോൺ :0389 – 2300871, 2322813**<br><br>**MZUക്യാമ്പസ് : 8974207717, 9436142605** | **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്**<br><br>**മാസ് കമ്യൂണിക്കേഷൻ**<br><br>**കോട്ടയം, കേരള**<br><br>**<u>വിലാസം</u>**<br><br>ഗ്രൗണ്ട് ഫ്ളോർ, ക്ലാസ്സ് റൂം ക്ലസ്റ്റർ<br><br>മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി<br><br>പ്രിയദർശിനി ഹിൽസ് പി ഒ<br><br>കോട്ടയം 686560<br><br>**ടെലിഫോൺ : 0481 – 2730161** |

| | |
|---|---|
| **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്**<br>**മാസ് കമ്യൂണിക്കേഷൻ**<br>**അമരാവതി, മഹാരാഷ്ട്ര**<br>**വിലാസം**<br>ഐ ഐ എം സി ക്യാമ്പസ്,<br>ഡോ ശ്രീകാന്ത് ജിവാർ മെമ്മോറിയൽ റിസർച്ച് സെന്റർ ഫോർ സെൻട്രൽ, ഇന്ത്യൻ ഹിസ്റ്ററി & കൾച്ചർ,<br>സന്ദ് ഗഡ്ജ് ബാബാ അമരാവതി യൂണിവേഴ്സിറ്റി<br>അമരാവതി (മഹാരാഷ്ട്രാ) 444602<br>**ടെലിഫോൺ : 089 – 56462200** | **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്**<br>**മാസ് കമ്യൂണിക്കേഷൻ**<br>**ജമ്മു, ജമ്മു & കാശ്മീർ**<br>**വിലാസം**<br>3rd ഫ്ളോർ<br>വികാസ് ഭവൻ<br>റെയിൽ ഹെഡ് കോംപ്ലക്സ്<br>ജമ്മു താവി 180012<br>**മൊബൈൽ: 09419146030, 1912479523** |